К04
С47

К04
С47

# ക്രിസ്തുരാജൻ

"For He must reign."

St. Paul.

N 2

By, F. M. C. D.

LEGE LIBRARY
7819

ചെറുപുഷ്പമുദ്രാലയം, തേവര

K04
649

IMPRIMI POTEST

*Fr. Bartholomew of Jesus*
*T. O. C. D.*
PRIOR CENERAL.

*P. G. House,*
*Ernakulam*
*9-9-1941*

NIHIL OBSTAT

Fr. Francis sales T, O. C. D.
Censor Deputatus,

IMPRIMATUR

† J. KALACHERY,
Ep. Changanachery
4—Oct,—1941

# പ്രസ്താവന

ക്രിസ്തുരാജഭക്തി ഉത്തരോത്തരം വൎദ്ധിക്കയും ഭക്തിപ്രകടനങ്ങൾ സൎവ്വത്ര പ്രചരിക്കയും ചെയ്തുവരുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. എന്നാൽ "ക്രിസ്തുരാജൻ" എന്ന പേരിൽ ഗ്രന്ഥങ്ങളാകട്ടെ ഈദൃശ ലഘുലേഖകളാകട്ടെ ഭാഷയിൽ അധികം ഉണ്ടായിട്ടില്ല. ക്രിസ്തുരാജഭരണം സംസ്ഥാപിതമാകാതെ വ്യക്തികൾക്കോ രാഷ്ട്രങ്ങൾക്കോ സാക്ഷാത്തായ, ഭാസുരമായ ഭവികം ഉദയം ചെയ്കയില്ലെന്നുള്ളതു് തികച്ചും തീൎച്ചതന്നെ. സ്നേഹരാജനായ, ഹൃദയരാജനായ, സ്വൎഗ്ഗരാജനായ, ക്രിസ്തുരാജന്റെ അഭൗമികമായ പാവന സ്നേഹസാമ്രാജ്യം, അവിടത്തെ നീതിസാമ്രാജ്യം മനുഷ്യഹൃദയത്തിൽ സ്ഥാപിതമാക്കുന്നതിനു സഹായമാകുമാറുള്ള ആശയതല്ലജങ്ങളാൽ സ

## പ്രസ്താവന

നൃഷ്ടമായിരിക്കുന്ന ഈ "ക്രിസ്തുരാജ്"നെ കേരളലോകസമക്ഷം പ്രകാശനം ചെയ്യുന്നതിനു ഞങ്ങൾക്കു അതിയായ ആനന്ദമുണ്ട്. രാജത്വത്തിരുനാളിനൊരുങ്ങുന്ന ഭക്താത്മാക്കൾക്കു അനുചിന്തനത്തിനും അനുഗ്രഹസ്വീകരണത്തിനും വേണ്ട സംഗതികൾ ഈ ചെറുഗ്രന്ഥത്തിലുണ്ട്. ഈ ലഘുലേഖ നിർമ്മിതിക്കുദ്യമിച്ച, അജ്ഞാതനാമാവായി വിനയതിരസ്കരിണിയിൽ മറഞ്ഞുനിൽക്കുന്ന, ക്രിസ്തുരാജഭക്തൻ പ്രശംസനീയൻതന്നെ. ക്രിസ്തുരാജൻ സർവ്വത്ര വിജയിക്കട്ടെ. അവിടുത്തെ വിജയപതാക എങ്ങും വിലസുമാറാകട്ടെ !

തേവര,
20–10–'41.

പ്രസാധകൻ

# ക്രിസ്തുരാജൻ

## അദ്ധ്യായം ഒന്ന്.

1. ബഥനിയിലെ പൂജ്യാതിഥിയായ മിശിഹായെ ആത്മനാ ദർശിക്കുക.

2. നമ്മുടെ മനോവാക്ക് ക്രിയകളിൽ മിശിഹായ്ക്കു് പൂർണ്ണ കർത്തൃത്വം നൽകുവാൻ വേണ്ട കൃപാവരം അപേക്ഷിക്കുക.

## I

### ക്രിസ്തുരാജൻ.

സകലത്തിന്റെയും കർത്താവായ മിശിഹാ സാക്ഷാൽ രാജാവാകുന്നു. വി. പൌലോസു പറയുന്നതുപോലെ അദൃശ്യനായ ദൈവത്തിന്റെ പ്രതിഛായയും സകല സൃഷ്ടികൾക്കും ആദ്യജാതനുമായ മിശിഹാ

യിൽ സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തവും സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളോ, കൎത്തൃത്വങ്ങളോ, പ്രഭുത്വങ്ങളോ യാതൊന്നും തന്നെക്കൂടാതെ ഉണ്ടായിട്ടില്ല. മിശിഹാ സകലത്തിനും കാരണകൎത്താവാകുന്നു. സകലവും മിശിഹായിൽ നിലനില്ക്കുകയും ചെയ്യുന്നു. മനുഷ്യനെന്ന നിലയിൽ ദൈവവചനത്തോടുള്ള തന്റെ വ്യക്തിപരമായ സംയോജ്യതമൂലവും മിശിഹാ നമ്മുടെ രാജാവാകുന്നു. സൎവ്വോപരി മനുഷ്യവൎഗ്ഗത്തിന്റെ ഉദ്ധാരകൻ എന്ന നിലയിൽ തനിക്കു നമ്മുടെമേൽ പൂൎണ്ണ കൎത്തൃത്വമുണ്ട്. പിശാചിന്റെ ദാസ്യത്തിൽനിന്നും മരണത്തിന്റെ ഇരുളിൽനിന്നും താൻ നമ്മെ രക്ഷിച്ചു. “നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല, വിലയ്ക്കു വാങ്ങിക്കപ്പെട്ടവരത്രെ” എന്നു ശ്ലീഹാ എഴുതിയിരിക്കുന്നു. “സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കു

ന്നു" എന്ന മിശിഹായുടെ വാക്കു
കൾ ഈ സത്യത്തെ തെളിയിക്കുന്നു
ണ്ടു്. ഇതിനെ സ്ഥിരീകരിക്കുന്നതി
നു് ജീവൻപോലും ബലികഴിക്കു
വാൻ മിശിഹാ മടിച്ചില്ല. "തന്നെ
ത്തന്നെ രാജാവാക്കി" എന്ന കുററം
ആരോപിച്ചുകൊണ്ടാണു് ഘാതക
ന്മാർ മിശിഹായ്ക്കു വധശിക്ഷ നൽ
കിയതു്. എന്നാൽ അധികാരംകൊ
ണ്ടു മാത്രമല്ല സ്നേഹംകൊണ്ടും താൻ
നമ്മെ ഭരിക്കുന്നു. അതിനാൽ മിശി
ഹാ നമ്മുടെ സ്നേഹരാജൻകൂടെയാ
ണു്. അധികാരത്തെക്കാൾ മഹത്ത
രമായ സ്നേഹംകൊണ്ടു താൻ നമ്മെ
കീഴടക്കി. മനുഷ്യരോടുള്ള അനന്ത
സ്നേഹത്താൽ ജഡം ധരിക്കുന്നതിനു
പോലും ദൈവവചനം വൈമുഖ്യം
പ്രദർശിപ്പിച്ചില്ല. ബത്ലഹം പുൽ
ക്കൂട്ടുമുതൽ ഗാഗുൽത്താമലവരെ ദീ
ർഘിച്ച തൻെറ ജീവിതയാത്ര മുഴുവ
നും ഈ നിസ്തുലസ്നേഹത്തിൻെറ ഒ
രു പ്രതിഫലനമായിരുന്നു. ഏതൊ

രു രാജാവാണു തന്റെ പ്രജകൾക്കായി ജീവൻ ബലികഴിച്ചിട്ടുള്ളതു്? ആരാണു സ്വപ്രജകൾക്കായി ഇത്രയധികം ത്യാഗം അനുഷ്ഠിച്ചിട്ടുള്ളതു്? എന്നാൽ ഇതുകൊണ്ടും തൃപ്തിയടയാതെ ദൈനംദിനം അനേകായിരം പ്രാവശ്യം സ്വപ്രജകൾക്കായി അൾത്താരകളിൽ ബലി അർപ്പിക്കപ്പെടുന്നതിനും സ്വന്ത മാംസരക്തങ്ങൾ വിഭജിച്ചുകൊടുക്കപ്പെടുന്നതിനും മിശിഹാ തിരുമനസ്സായി. കണ്ടാലും! സ്നേഹത്തിന്റെ പാരമ്യം.

ഈദൃശമായ അനന്തസ്നേഹം മനുഷ്യരുടെ ഹൃദയകാഠിന്യത്തെ ഇളക്കുവാൻ പര്യാപ്തമല്ലെന്നോ? എത്രയെത്ര ഹൃദയങ്ങളിൽനിന്നും കുടുംബങ്ങളിൽനിന്നും സമുദായങ്ങളിൽനിന്നുകൂടെയും ദിനംപ്രതി താൻ ബഹിഷ്കരിക്കപ്പെടുന്നു. മിശിഹായുടെ ഭരണത്തിനു കീഴ്പ്പെട്ടിരിക്കുന്നവരിൽ തന്നെ എത്രപേർ നിശ്ശബ്ദ

നം ചൈതന്യരഹിതനുമായ ഒരു സ്നേഹിതനായി മാത്രം തന്നെ കരുതിപ്പോരുന്നു. സമാധാനവും സന്തോഷവും കൈവരുത്തുന്നതിനു മനുഷ്യർ ബദ്ധപ്പെട്ടുന്നുണ്ട്. എന്നാൽ സമാധാനത്തിൻെറ രാജാവും സന്തോഷത്തിൻെറ സങ്കേതവുമായ മിശിഹായെമാത്രം അവർ സമീപിക്കുന്നില്ല. "ജീവൻെറ ഉറവയായ എന്നെ ഉപേക്ഷിച്ചു പൊട്ടക്കിണറുകളെ അവർ കുഴിച്ചു" എന്നുള്ള രാജദീഘദശിയുടെ വിലാപം എത്ര അത്ഥവത്തായിരിക്കുന്നു!!

## II

### രാജാവായ മിശിഹായുടെ രാജ്യം.

മിശിഹാ രാജാവാകുന്നെങ്കിൽ തനിക്കു രാജ്യവുമുണ്ടായിരിക്കണം. ആ രാജ്യം ഏതായിരിക്കാം? "അവൻ അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെട്ടും അവൻെറ രാജ്യത്തിനു് അ

ഗതിയുണ്ടായിരിക്കയില്ല" എന്നുള്ള ഗബ്രിയേൽ ദൈവദൂതൻെറ വാക്യത്താൽ മിശിഹായുടെ രാജ്യം സ്വൎഗ്ഗരാജ്യമാണെന്നു തെളിയുന്നു. "എൻെറ രാജ്യം ഭൗമികമല്ല" എന്ന് ഈശോ പീലാത്തോസിനോടു പ്രകടമായി പ്രസ്താവിച്ചിട്ടുമുണ്ട്. എന്നാൽ "ദൈവരാജ്യത്തിൻെറ താക്കോൽ നിനക്കു ഞാൻ തരും" എന്ന് മിശിഹാ, തിരുസ്സഭാദ്ധ്യക്ഷനായി തിരഞ്ഞെടുത്ത പത്രോസിനോട് അരുളിച്ചെയ്ത വാക്കുകളിൽനിന്ന് കത്തോലിക്കാസഭയും തൻെറ രാജ്യമാണെന്നു സ്പഷ്ടമാകുന്നു. മിശിഹാ അരുളിച്ചെയ്തിട്ടുള്ള പല ഉപമകളും ഇതിനെ വിശദമാക്കുന്നുണ്ട്. "സ്വൎഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിലത്രെ" എന്നു മിശിഹായും "സ്വൎഗ്ഗരാജ്യം... നീതിയും സമാധാനവും അരൂപിയുടെ സന്തോഷവുമാകുന്നു" എന്നു ശ്ലീഹായും പഠിപ്പിക്കുന്നതു് ഈ അൎത്ഥത്തിൽതന്നെയാകുന്നു. ഇങ്ങനെ, സ്വ

ഗ്ഗ്‌രാജ്യം, കത്തോലിക്കാസഭാ, ഹൃദ
യപരിശുദ്ധി എന്നീ വിവിധ രൂപ
ങ്ങളിൽ മിശിഹായുടെ രാജ്യം വിവ
ക്ഷിക്കപ്പെടുന്നു. ഇവയിൽ ഓരോ
ന്നും മററുള്ളവയെ പ്രദ്യോതിപ്പിക്ക
യും പൂർത്തീകരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ഐഹികപാരത്രിക
ങ്ങളിൽ അനന്തമഹിമയോടും അജ
യ്യശക്തിയോടുംകൂടി ഭരണം നടത്തു
ന്ന ഈ മഹച്ഛക്തിയുടെ മുമ്പാകെ
ആരു തന്നെ സംഷ്ടാംഗം പ്രണമിക്ക
യില്ല? ഈ സ്നേഹസാമ്രാട്ടിൻെറ ഭ
രണത്തിനധീനപ്പെടുവാനുള്ള ഭാഗ
ധേയം കൈവന്നതിൽ ആർ സ്വയം
അഭിമാനിക്കാതിരിക്കയില്ല? ഹൃദയ
പരിശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാ
കുന്നു. എന്തുകൊണ്ടെന്നാൽ മിശി
ഹായത്രെ അവരുടെ ഹൃദയത്തെ ഭ
രിക്കുന്നതു്. ഏതു പ്രതികൂലസാഹ
ചര്യത്തിലും അചഞ്ചലമായ ഹൃദയ
സമാധാനവും പരിശുദ്ധമായ സ
ന്തോഷവുമായിരിക്കും അവൎക്കനുഭവ

പ്പെടുന്നതു്. ഒടുവിൽ ഹൃദയനാഥനും രാജനുമായ സ്നേഹമിശിഹായുടെ ആശ്ലേഷസംവരണങ്ങളിൽ സാനന്ദം മൃതിയടഞ്ഞു് സ്വർഗ്ഗത്തെ തങ്ങളുടെ അവകാശമാക്കുകയും ചെയ്യാം.

## III

### മിശിഹായുടെ ക്ഷണം.

രാജ്യത്തിന്റെ രക്ഷയും വിസ്തൃതിയുമാണല്ലൊ ഏതു രാജാവും മുഖ്യമായി ആഗ്രഹിക്കുന്നതു്. ഇതിലേയ്ക്കു പ്രജകളുടെ സഹായസഹകരണങ്ങൾ ആവശ്യപ്പെടുകയും ഏതാനും പേരെ പ്രത്യേകം പരിശീലിപ്പിച്ചു് ധർമ്മഭടന്മാരാക്കുകയും ചെയ്യാറുണ്ടു്. ഇങ്ങനെതന്നെയാണു് മിശിഹാ രാജാവും ചെയ്യുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ സമരോദ്ദ്യമം അന്യ രാജ്യങ്ങൾ അന്യായമായി പിടിച്ചടക്കുന്നതിനല്ല. തന്നിൽനി

ന്നം കവച്ച് ചെയ്യപ്പെട്ടവരെ തന്റെ പതാകയിൻകീഴ് കൊണ്ടുവരുന്നതിനാണു്. അതും ആയുധബലം കൊണ്ടല്ല; പ്രത്യുത സ്നേഹത്തിന്റെ ആകർഷണംകൊണ്ടുമാത്രം. ഇപ്രകാരമുള്ള ഒരു ധർമ്മസമരത്തിനായിട്ടാണു് മിശിഹാ തന്റെ അനുയായികളെ ക്ഷണിക്കുന്നതു്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ രാജ്യം വരണം" എന്നു നിരന്തരം പ്രാർത്ഥിക്കുവാൻ മിശിഹാ അവരോടാവശ്യപ്പെടുന്നു. കൂടാതെ ഒരു ജനൗഘത്തെ ഇതിനായി തിരഞ്ഞെടുക്കുകയും ലോകാവസാനംവരെ താൻ അവരുടെ ശക്തിയും സംരക്ഷയും ആയിരിക്കുമെന്നു് ഉറപ്പു നൽകുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ തന്റെ സ്നേഹസാമ്രാജ്യം ഹൃദയങ്ങളിലും കുടുംബങ്ങളിലും സമുദായങ്ങളിലും സ്ഥാപിക്കുന്നതിനു പ്രത്യേകം നിയുക്തരായിരിക്കുന്നവരുടെ ഗണത്തിലാണല്ലോ നാം ഉൾപ്പെട്ടിരിക്കുന്നതു്. എങ്കിലും എ

ത്ര ലക്ഷം പേർക്ക് മിശിഹാ ഇനിയും അജ്ഞാതനാണ്? എത്ര ലക്ഷം പേർ തന്റെ സ്നേഹാഹ്വാനങ്ങളെ മൂർഖതയോടെ തിരസ്കരിക്കുന്നു? ഇത്ര വളരെ ആത്മാക്കളുടെ നിർഭാഗ്യത്തിൽ നമുക്ക് യാതൊന്നും ചെയ്യാൻ കഴിവില്ലെന്നു വരുമോ? ഹാ! സകല മനുഷ്യർക്കുമായി ചിന്തിയ മിശിഹായുടെ തിരുരക്തം നമ്മുടെ ഹൃദയത്തെ സ്പർശിക്കയില്ലെന്നോ?

എന്നാൽ നാം വഞ്ചിക്കപ്പെടാതിരിക്കട്ടെ. മിശിഹായുടെ രാജ്യം ഇതര ഹൃദയങ്ങളിലും സ്ഥാപിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് നമ്മിൽ തന്നെ അതു് സുസ്ഥാപിതമാക്കുകയാണ്. നമ്മുടെ ഹൃദയങ്ങളിൽ മിശിഹായ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുക്കണം. എന്നിൽ ഞാനല്ല, മിശിഹാ ജീവിക്കുന്നു എന്നു പറയത്തക്കവണ്ണം നമ്മുടെ ബാഹ്യവും ആഭ്യന്തരവുമായ സകല ചലനങ്ങളും മിശിഹായുടെ നി

യന്ത്രണത്തിനധീനമാക്കണം. മിശിഹാ കല്പിക്കുന്നു, "ആരെങ്കിലും എന്നെ അനുകരിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ – ആരെങ്കിലും, തന്നിൽ, ഞാൻ പൂർണ്ണമായി ഭരിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ – അവൻ തന്നെത്തന്നെ പരിത്യജിക്കട്ടെ. അവൻെറ ഇഷ്ടാനിഷ്ടങ്ങൾ അവഗണിച്ചു് എൻെറ ഇഷ്ടംമാത്രം മുൻനിറുത്തി എൻെറ സ്വാതന്ത്ര്യപ്രവൎത്തനത്തിനായി അവനെ എനിക്കു സമൎപ്പിക്കട്ടെ." "മകനെ, നിൻെറ ഹൃദയത്തിൽ എനിക്കു പ്രവേശനം അനുവദിക്കുക, ആദ്ധ്യാത്മികസമരത്തിൽ നിനക്കനുഭവപ്പെടുന്ന ജയാപജയങ്ങൾ പരമാൎത്ഥതയോടെ എന്നെ അറിയിക്കുക. ദൈവികകാൎയ്യങ്ങളിൽ താല്പൎയ്യമില്ലാതെ, ആത്മാക്കളുടെ രക്ഷയിൽ വിചാരമില്ലാതെ, ഭക്തിമാന്ദ്യത്താലും വ്യൎത്ഥചിന്തകളാലും നീ ഞെരുക്കപ്പെടുന്നെങ്കിൽ നിൻെറ ദയനീയാവസ്ഥ എന്നോടു പറയുക.

യഥാൎത്ഥമായ അനുതാപത്തോടെ എന്നിൽ അഭയം തേടുക. ഏതു ബലഹീനതയും, കത്തിക്കാളുന്ന അഗ്നികുണ്ഡത്തിൽ പതിക്കുന്ന ഒരു തുള്ളിവെള്ളംപോലെ ഞാൻ ദഹിപ്പിച്ചുകളയും. ഹാ! എന്റെ ശുശ്രൂഷയിൽ നീ അല്പംകൂടെ വിശ്വസ്തനായിരുന്നെങ്കിൽ എത്രവലരെ കാര്യങ്ങൾ നിന്നിൽ നിൎവ്വഹിപ്പാൻ എനിക്കു കഴിയുമായിരുന്നു."

സകല ഹൃദയങ്ങളുടെയും അധിപനും കേന്ദ്രവുമായ ഈശോയെ, എന്റെ ഹൃദയം, ബുദ്ധി, വിചാരം, വചനം, പ്രവൃത്തി മുതലായവയും എന്റെ സകലേന്ദ്രിയങ്ങളും എനിക്കുള്ള സമസ്തവും അങ്ങേയ്ക്കു ഞാൻ സമൎപ്പിക്കുന്നു. അവിടുന്നുതന്നെ ഇവയെ ഭരിച്ചു നടത്തിക്കൊള്ളണമെ. അങ്ങെ ആഗ്രഹാനുസരണം ചലിക്കാത്ത ഒരൊററ ഞരമ്പുപോലും എന്നിലുണ്ടെങ്കിൽ എന്റെ സ്നേഹരാജനായ മിശിഹാ

യെ, വേഗം അതെനിക്കു കാണിച്ചു തരണമെ. തീച്ച്യയായും അതിനെ ഞാൻ ഉടൻ പിഴുതുകളയുന്നതാണു്.

ആമ്മേൻ.

## അദ്ധ്യായം രണ്ടു്.

### മിശിഹായുടെ സാമ്രാജ്യത്തിൻെറ സ്വഭാവം.

1. ദിവ്യരാജനായ മിശിഹാ, സ്നേഹത്താൽജ്വലിക്കുന്ന തൻെറ ഹൃദയം കാണിച്ചുകൊണ്ടു് "മർത്ത്യഗണത്തെ സ്നേഹിക്കുന്ന ഹൃദയത്തെ കണ്ടാലും" എന്നരുളിച്ചെയ്യുന്നതായി സങ്കല്പിക്കുക.

2. മിശിഹാ രാജനെ കൂടുതലായി അറിയുന്നതിനും അധികമധികം സ്നേഹിക്കുന്നതിനും വേണ്ട വെളിവും പ്രസാദവരവും അപേക്ഷിക്കുക.

# I

## ദിവ്യരാജൻെറ ഉദ്ദേശ്യവും പദ്ധതിയും.

സകല ശത്രുക്കളേയും കീഴടക്കി പിതാവിൻെറ മഹത്വത്തിൽ പ്രവേശിക്കുക എന്നതാണു് ദിവ്യരാജൻെറ ഉദ്ദേശ്യം. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി തിന്മയുടെ ആധിപത്യം നശിപ്പിച്ചു് സർവ്വജനത്തേയും തൻെറ ആധിപത്യത്തിൽ കൊണ്ടുവന്നു്, നിത്യവും സാർവ്വത്രികവും, സത്യം സമാധാനം നീതി എന്നിവയാൽ ഭൂഷിതവും, ജീവനും വിശുദ്ധിയുംകൊണ്ടു് പൂർണ്ണവുമായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനു മിശിഹാ നിശ്ചയിച്ചു. അതിനാൽ താൻ വെളിപ്പെടുത്തിയ ദിവ്യസത്യങ്ങളെ പരിപൂർണ്ണമായ വണക്കത്തോടും അചഞ്ചലമായ വിശ്വാസത്തോടും സ്വീകരിച്ചു് തൻെറ മാധുര്യമേറിയ വാഴ്ചയ്ക്കു നാം തയാറാകണം.

ദൈവകല്പനകളെ ശരിയായി അനു സരിച്ചു് തൻെറ ഭരണത്തിനു നമ്മു ടെ മനസ്സിനെ കീഴ്പെടുത്തണം. ദൈവത്തെമാത്രം സ്നേഹിച്ചുകൊ ണ്ടു് തന്നോടു നാം യോജിച്ചിരിക്ക ണം. നമ്മുടെ ഹൃദയത്തിൽ മിശി ഹാമാത്രം ഏകാധിപതിയായി ഭര ണം നടത്തുന്നതിന് അതു് പരിപൂ ൎണ്ണമായി തനിക്കു വിട്ടുകൊടുക്കണം. ഇതാണു് മിശിഹാ രാജൻെറ അ ഭിലാഷം.

മിശിഹാ അവതീൎണ്ണനായതും ത ൻെറ ആയുസ്സിനെ ബലികഴിച്ചതും സ്നേഹത്തിൻെറ ഈ രാജ്യം സ്ഥാ പിക്കുന്നതിനായിട്ടാണു്. "ഞാൻ ഭൂ മിയിൽ അഗ്നിയിടുവാൻ വന്നു. അ തു കത്തിജ്വലിക്കുന്നതിനല്ലാതെ മ റെറാന്നും ഞാനാഗ്രഹിക്കുന്നില്ല" (ലൂ ക്ക XII. 49.) ഈ സ്നേഹാഗ്നി നമ്മു ടെ ഉള്ളിലും കത്തിക്കാളുവാൻ താൻ അതിയായി ആഗ്രഹിക്കുന്നു. താൻ രാജാവാണെന്നും സത്യത്തിനു സാ

ക്ഷ്യം നൽകുന്നതിനായിട്ടാണു ഭൂമിയിൽ അവതരിച്ചതെന്നും മിശിഹാ പീലാത്തോസിനോട് അരുളിച്ചെയ്തുവല്ലോ. ക്രൂശിൽ ജീവൻ ബലി അർപ്പിച്ചുകൊണ്ട് തന്നെ പൂർണ്ണമായി സ്നേഹിക്കുന്നതിനു മിശിഹാ നമ്മെ ക്ഷണിക്കുന്നതു് താൻ സ്നേഹരാജാവാണെന്നു വെളിപ്പെടുത്തുന്നതിനായിരുന്നു. ആയുധബലംകൊണ്ടല്ല, സ്നേഹമാധുര്യത്താലാണു് മിശിഹാരാജൻ നമ്മെ കീഴടക്കുന്നതു്. തനിക്ക് നമ്മോടാജ്ഞാപിക്കാമെന്നിരുന്നാലും സ്വതന്ത്രമായ ശുശ്രൂഷയത്രെ നമ്മിൽനിന്നും താൻ ആഗ്രഹിക്കുന്നതു്. ഈ സ്നേഹശുശ്രൂഷ നീ എങ്ങിനെ ചെയ്യുവരുന്നു? നിന്നെത്തന്നെ പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കുക.

## II

### ദിവ്യരാജന്റെ നിബന്ധനകൾ.

മിശിഹാ നമ്മുടെ മനശ്ശരീരങ്ങ

ളിൽ ഏകാധിപതിയായി ഭരിക്ക ണമെങ്കിൽ തൻെറ ശത്രുക്കൾക്കെ തിരായും നമ്മോടുതന്നെയും നാം നി രന്തരം പോരാടണം. നമ്മുടെ ആ ദ്ധ്യാത്മിക കാര്യങ്ങൾ ശരിപ്പെടു ത്തിയതുകൊണ്ട് മാത്രമായില്ല; ദിവ്യ രാജൻെറ വസതിയായ നമ്മുടെ ആ ത്മാവിനെ ശത്രുക്കളുടെ ആക്രമണ ത്തിൽനിന്നും സുരക്ഷിതമാക്കണം. ശത്രു എല്ലായ്പ്പോഴും നമ്മോടുകൂടെയു ള്ളതിനാൽ അത് അത്ര എളുപ്പമു ള്ള ഒരു കാര്യമല്ല. മിക്കവാറും ദീ ർഘവും ഘോരവുമായ സമരത്തിനു ശേഷമെ ആത്മാവു സുരക്ഷിതമാവു കയുള്ളു. ഇതിനുംപുറമെ മിശിഹാ നമ്മെ പരിപൂർണ്ണമായി ഭരിക്കണമെ ങ്കിൽ നാം സ്വയം പരിത്യജിക്കുകൂ ടെ വേണം. 'ക്രിസ്ത്വാനുകരണം' 'ആ ദ്ധ്യാത്മികസമരം' തുടങ്ങിയുള്ള പ രിശുദ്ധന്മാരുടെ കൃതികളിൽ ഇതി നെപ്പററി വിശദമായി പ്രസ്താവിക്കു ന്നുണ്ട്. നമ്മുടെ സ്വാഭാവിക വാസ

നകളെ നിഗ്രഹിച്ചു മിശിഹായുടെ ഹിതാനുസരണംമാത്രം ജീവിക്കണം. സ്വാഭിലാഷങ്ങളെ പരിത്യജിക്കുന്നതിൽ ഒരു ധീരയോദ്ധാവിൻെറ ധൈര്യവും സ്ഥൈര്യവും നമുക്കുണ്ടാകണം. എന്നാൽ മാത്രമെ നാശോന്മുഖമായ നമ്മുടെ ദുർഗ്ഗുണങ്ങളെ നാം ജയിക്കയുള്ളൂ. ഇക്കാര്യത്തിൽ നമ്മുടെ വർത്തനാരീതി പരിശോധിക്കുക. സ്വയം വിസ്മരിച്ചു മിശിഹായുടെ തത്വങ്ങൾ ആദരിക്കപ്പെടുന്നതിനു ആഗ്രഹിക്കയും അദ്ധ്വാനിക്കയും ചെയ്യുന്നുണ്ടോ?

## III

### ദിവ്യരാജനുമായുള്ള സംയോജ്യത.

നമ്മുടെ ശത്രുക്കൾക്കെതിരായി സമരം ആരംഭിക്കേണ്ടതും അവരെ കീഴടക്കേണ്ടതും നമ്മുടെ ദിവ്യരാജൻതന്നെയാകുന്നു. നാം അങ്ങെ അനുഗമിച്ചാൽമാത്രം മതി. തനിയെ

പോയി യുദ്ധം ചെയ്യാൻ അദ്ദേഹം നമ്മോടാജ്ഞാപിക്കുന്നില്ല. താൻ മുമ്പെ പോകുകയും പുറകെ ചെല്ലു ന്നതിനു നമ്മെ ക്ഷണിക്കയുമത്രെ ചെയ്യുന്നതു്. ലോകരാജാക്കന്മാരിൽ നിന്നും നായകന്മാരിൽനിന്നും വള രെ വ്യത്യസ്ഥമായ ഒരു രീതിയിലാ ണു് മിശിഹാ രാജൻ വർത്തിക്കുന്നതു്. താൻ രണാങ്കണത്തിൽ മുന്നണിയി ലിറങ്ങി ഇപ്രകാരം നമ്മെ ക്ഷണി ക്കുന്നു. "വരുവിൻ, എന്നോടുകൂടെ ഇറങ്ങുവിൻ, എന്റെ നേതൃത്വ ത്തിൽ കൂടാരമടിക്കുവിൻ; എന്നോ ടുകൂടെ ഭക്ഷിക്കയും എന്റെ പാന പാത്രത്തിൽനിന്നു കുടിക്കുകയും ചെ യ്യിൻ; യുദ്ധസന്നദ്ധരായി, ഞാൻ പ്രവർത്തിക്കുന്നതെന്തോ അതു് എ ന്നോടുകൂടെ പ്രവർത്തിപ്പിൻ. പകൽ സമയം എന്നോടൊപ്പം അദ്ധ്വാനി ക്കുകയും രാത്രിയിൽ ജാഗരൂകരായി രിക്കയും ചെയ്യിൻ. എന്നും എവിടെ യും എന്നെപ്പോലെ സഹിക്കുവാനും

ക്ഷമിക്കുവാനും തയ്യാറായിരിക്കു
വിൻ. 'സ്വാർത്ഥപരവും സുഖലോലു
പവുമായ ജീവിതത്തിൽനിന്നും വ്യാ
മോഹങ്ങളിൽനിന്നും ദുശ്ശീലങ്ങളിൽ
നിന്നും അകലുവിൻ. ബത്‌ലഹേമി
ലെ എന്റെ ദാരിദ്ര്യത്തേയും നസ്രു
ത്തിലെ എന്റെ അനുസരണയേയും
നിങ്ങൾ അനുകരിപ്പിൻ. പാപിക
ളും നന്ദിഹീനരുമായവർക്കുവേണ്ടിയു
ള്ള എന്റെ അദ്ധ്വാനങ്ങളും കഷ്ടാ
നുഭവങ്ങളും നിന്ദകളും അപമാനങ്ങ
ളും കുരിശുമരണംതന്നെയും നിങ്ങ
ളും വരിക്കുവിൻ." ഇതത്രെ സ്വർഗ്ഗ
സ്ഥനായ മിശിഹായുടെ പിതാവ്
തനിക്കു പ്രദാനം ചെയ്തതും മിശി
ഹാ നമുക്കു കല്പിച്ചു തരുന്നതുമായ
രാജ്യം. "എന്റെ കൂടെ ഭക്ഷിക്കുന്ന
തിനും, പാനം ചെയ്യുന്നതിനും ഇ
സ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങ
ളെ വിധിക്കുന്നതിനും സിംഹാസന
ങ്ങളിൽ ഇരിക്കുന്നതിനുമായി, എ
ന്റെ പിതാവു എനിക്കു രാജ്യം പ്ര

ദാനം ചെയ്തതുപോലെ ഞാൻ നി ങ്ങൾക്കും നൽകുന്നു.” മിശിഹായോ ടു യോജിച്ച് ഈ രാജ്യത്തിൽ പ്രവ ർത്തിക്കുവാൻ നാം നിർബന്ധിതരാ കുന്നു. മിശിഹായുടെ ജീവിതം നാം അനുകരിക്കുന്നതിനും തന്റെ പ്രയ ത്നം അതേവിധം തുടർന്നുകൊണ്ടുപോ കുന്നതിനും താൻ ആഗ്രഹിക്കുന്നു. എ ന്നാൽ ഈ രാജ്യം നമ്മിൽ സംസ്ഥാ പിതമായതിന്റെ ശേഷമേ ഇതര ന്മാരുടെ ഹൃദയങ്ങളിലും സ്ഥാപിക്കു ന്നതിനു നമുക്കു സാധിക്കയുള്ളു. “നി ങ്ങൾ എന്റെ പിന്നാലെ വരുവിൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാ ക്കാം” എന്നു സബദീപുത്രന്മാരെ വിളിച്ച അവസരത്തിൽ മിശിഹാ അരുളിചെയ്തതു് തന്റെ അന്തിമോ ദ്ദേശ്യം എന്തെന്നു് അവരെ ഗ്രഹി പ്പിക്കുന്നതിനും ദൈവരാജ്യം അവരു ടെ ഹൃദയത്തിൽ സ്ഥാപിക്കുന്നതിനു മായിരുന്നു. പ്രസ്തുത രാജ്യം മററുള്ള വരുടെ ഹൃദയങ്ങളിൽ സ്ഥാപിക്കു

ന്നതിനുള്ള മാൎഗ്ഗം അവരിൽതന്നെ അത്ര ആദ്ധ്യമായി സ്ഥാപിക്കുകയാണെന്നു മിശിഹാ അവരെ പഠിപ്പിച്ചു.

സൎവ്വത്തിന്റെയും നാഥനും രാജാവുമായ ഈശോയേ, അങ്ങ് എന്റെയും രാജാവായിരിക്കണമെ. എന്റെ ഹൃദയത്തെയും അതിന്റെ കഴിവുകളേയും നീ തന്നെ ഭരിച്ചുനടത്തണമെ. അങ്ങെ പരിപൂൎണ്ണഭരണത്തിനായി ഞാനിതാ എന്നെ മുഴുവനും അങ്ങേക്കു സമൎപ്പിക്കുന്നു. എന്റെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതെ, യുക്തമായതു് നീ എന്നിൽ പ്രവൎത്തിക്കണമെ. എന്റെ ദുരിച്ഛകളേയും ദുസ്സ്വഭാവങ്ങളേയും പരിത്യജിച്ചു അങ്ങെ നിയമങ്ങൾ യഥാവിധി അനുസരിക്കുന്നതിനു അങ്ങു തന്നെ എന്നെ സഹായിക്കണമെ.

## അദ്ധ്യായം മൂന്നു്.

### മിശിഹായുടെ രാജ്യം നമ്മിൽതന്നെ സ്ഥാപിക്കുക.

1. "എന്റെ മകനെ, നിന്റെ ഹൃദയം എനിക്കു തരിക" എന്നു ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

2. മിശിഹായോടു ഔദാര്യം പ്രദർശിപ്പിക്കുവാൻ ആവശ്യമായ അറിവും സഹായവും അഭ്യർത്ഥിക്കുക.

### I

### മിശിഹാരാജന്റെ വിളി.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാജ്യം മനുഷ്യഹൃദയങ്ങളിൽ സ്ഥാപിക്കുക എന്ന ഏക ഉദ്ദേശ്യത്തോടുകൂടിയാണു് ദൈവസുതൻ മനുഷ്യനായി അവതരിച്ചതു്. തനിക്കു സ്വന്തമായ സ്ഥാനം നമ്മു

ടെ ഹൃദയങ്ങളിൽ പുനഃസ്ഥാപിക്കു
ന്നതിന്നു താൻ വന്നു. തന്നെ നമ്മി
ലേയ്ക്കാകർഷിച്ചതു് നമ്മുടെ ഹൃദയ
ത്തിൻെറ വിശുദ്ധിയോ ഭംഗിയോ
അല്ല; പ്രത്യുത സകല നന്മയുടേയും
ഉറവയായ മിശിഹായെക്കൊണ്ടു അ
തിന്നുള്ള ആവശ്യവും അതിന്നു സ്വാ
ഭാവികമായി തന്നെപ്പററിയുള്ള ദാ
ഹവും അത്രെ. നമ്മുടെ ഹൃദയത്തിൽ
സ്നേഹാഗ്നി എരിയിക്കുവാൻ താൻ
എഴുന്നെള്ളിവന്നു. "എൻെറ മക
നെ നിൻെറ ഹൃദയം എനിക്കു തരി
ക" എന്നരുളിച്ചെയ്യുന്നു. ഇതാണു
ക്രിസ്തുരാജൻെറ വിളി. നമ്മുടെ ഹൃ
ദയമാണു താൻ ആവശ്യപ്പെടുന്ന
തു്. ബലപ്രയോഗത്താലല്ല, സ്നേഹം
കൊണ്ടാണു നമ്മുടെ ഹൃദയം പിടി
ച്ചടക്കുവാൻ താനാഗ്രഹിക്കുന്നതു്.
"മനുഷ്യരെ അത്യധികം സ്നേഹിക്കു
ന്ന ഹൃദയത്തെ കണ്ടാലും" എന്നു്
സ്നേഹാഗ്നി ജ്വലിക്കുന്ന തൻെറ തി
രുഹൃദയം കാണിച്ചുകൊണ്ടു് ഈ

ശോ അരുളിച്ചെയ്യുന്നു. അതെ ഈ ശോ നമ്മെ എത്രയധികം സ്നേഹിച്ചിരിക്കുന്നു; എത്രമാത്രം നമുക്കുവേണ്ടി സഹിച്ചിരിക്കുന്നു; എത്ര ഔദാൎയ്യപൂൎവ്വം നമ്മോടു വൎത്തിച്ചിരിക്കുന്നു. ഇവയ്ക്കെല്ലാം പ്രതിഫലമായി താൻ ആവശ്യപ്പെടുന്നതു നമ്മുടെ ഹൃദയംമാത്രമാണ്. സ്നേഹമൂൎത്തിയായ മിശിഹാ സൎവ്വവല്ലഭനെങ്കിലും നമ്മുടെ ഹൃദയകവാടത്തിങ്കൽ ഒരു യാചകനെപ്പോലെ മുട്ടി വിളിക്കുന്നു. നസ്രസ്സിലും ജനാസരേത്തിൻെറ തീരങ്ങളിലും പാരെലെമോണിയലിലും താൻ ഉപയോഗിച്ച ഭാഷ തൻെറ സ്നേഹത്തിൻേറതായിരുന്നു. "മനുഷ്യരോടു വിശിഷ്യാ നിന്നോടുള്ള സ്നേഹത്താൽ എൻെറ ഹൃദയം അത്യധികം ജ്വലിക്കുന്നു" എന്നാണു ന. കൎത്താവു വി. മാൎഗ്ഗരററു മേരിയോട് അരുളിച്ചെയ്തതു്. നിത്യകാലം സകലതിനേയും ഭരിക്കുന്നതും ഈ സ്നേഹമാണ്. എന്തുകൊണ്ടെ

നാൽ ദൈവം സ്നേഹമാകുന്നു. ദൈവത്തിൻെറ കല്പനകൾ "സ്നേഹിക്കുക" എന്ന ഒററവാക്കിൽ സംഗ്രഹിക്കാം. ഇഹത്തിലെ എല്ലാ പരിപൂർണ്ണതയും പരത്തിലെ സകല സമ്മാനവും സ്നേഹമത്രെ. ഓ! അനന്തസ്നേഹത്തിൻെറ അത്യഗാധമായ പരമരഹസ്യം!! യാതൊരു സൃഷ്ടിയെക്കൊണ്ടും ആവശ്യമില്ലാത്ത ദൈവം എൻെറ ഹൃദയം ചോദിക്കുന്നു. എൻെറ മുഴുഹൃദയത്തോടും സൎവ്വശക്തിയോടുംകൂടെ തന്നെ ഞാൻ സ്നേഹിക്കണമെന്ന് കല്പിക്കയും ചെയ്യുന്നു. ഓ! ദൈവത്തിൻെറ സ്നേഹമെ! സ്നേഹത്തിൻെറ ദൈവമെ! ഈശോയെ, നാഥാ അങ്ങ് എന്നെ ജയിച്ചിരിക്കുന്നു. എൻെറ ഹൃദയവും ഞാൻ മുഴുവനും ഇനി നിനക്കുള്ളവയാകുന്നു.

## II

### വിശുദ്ധന്മാരും മിശിഹായുടെ രാജ്യവും.

മിശിഹായുടെ രാജ്യത്തെ വിശുദ്ധന്മാർ എപ്രകാരം വീക്ഷിച്ചിരുന്ന എന്നു ചിന്തിക്കുക. വി. പൌലോസു തന്റെ ലേഖനങ്ങളിൽ, "നാം പാപത്തിനും ദുരിശ്ചകൾക്കും മരിച്ചു് മിശിഹായിലും മിശിഹായോടുകൂടിയും ഒരു നവജീവിതം നയിക്കുന്നു" എന്നു പല പ്രാവശ്യം പ്രസ്താവിച്ചു കാണുന്നു. മിശിഹായെ ധരിക്കുന്നതിനും, നമ്മുടെ മനസ്സിനെ അവിടുത്തെ തിരുമനസ്സിന പൂർണ്ണമായി അധീനപ്പെടുത്തുന്നതിനും അദ്ദേഹം അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ജീവൻ മിശിഹാ ആയിരുന്നു എന്നു പറയാം. "നമ്മുടെ കർത്താവായ മിശിഹായെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവനാ

കട്ടെ" എന്നാണു അദ്ദേഹം കൊറിന്ത്യക്കാക്ക് എഴുതുന്നതു്.

മിശിഹായെ പൂർണ്ണമായി അനുകരിച്ച ഒരാളാണു അസ്സീസ്സിയിലെ വി. ഫ്രാൻസീസ്. ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് പാപ്പാ പറയുന്നതുപോലെ മിശിഹാരാജാവിൻെറ ഒരു ദൂതനെന്നു സ്വയം വിളിച്ചിരുന്നെങ്കിലും ലോകം അദ്ദേഹത്തെ വേറൊരു മിശിഹാ എന്നവണ്ണം ബഹുമാനിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഉത്ഥിതനായ മിശിഹായെപ്പോലേയാണു സമകാലീനക്കും ഭാവി തലമുറകൾക്കും അദ്ദേഹം കാണപ്പെട്ടതു്.

വി. അമ്മത്രേസ്യാ തൻെറ കൃതികളിൽ, പ്രത്യേകിച്ചു് "ഉൾക്കോട്ട" എന്ന ഗ്രന്ഥത്തിൽ, ദിവ്യരാജൻ ഒരാത്മാവിനെ തന്നോടു യോജിപ്പിച്ചു തൻെറ സ്വന്തമാക്കുന്നവിധം, തൽഫലമായി, ബുദ്ധിയിലുളവാകുന്ന വിശ്വാസചൈതന്യം, മനസ്സിൻെറ

സ്നേഹതീക്ഷ്ണത, അന്തരേന്ദ്രിയങ്ങളിൽ അനുഭവപ്പെടുന്ന ദിവ്യാനന്ദം മുതലായവ[illegible]സരസമായി വിവരിക്കുന്നുണ്ട്. പുണ്യവതി ദിവ്യനാഥനാൽ പൂർണ്ണമായി ഭരിക്കപ്പെട്ടിരുന്നു. "ത്രേസ്യാ ഈശോയുടേതും, ഈശോ ത്രേസ്യായുടേതും" ആയിരുന്നു.

## III

### മിശിഹായുടെ വിളിക്കു മറുപടി.

ദിവ്യരാജന്റെ വിളിക്കു എന്തു മറുപടിയാണു നാം നൽകുവാൻപോകുന്നത്? നമ്മുടെ ഹൃദയകവാടത്തിങ്കൽ മുട്ടിവിളിക്കുന്ന ആ സ്വരം നിഷേധിക്കുന്നതു് അധമവും നീചവുമായ ഒരു പ്രവൃത്തിതന്നെ, സംശയമില്ല. "കർത്താവെ, അല്പം കഴിയട്ടെ, കൃത്യാന്തരബാഹുല്യം നിമിത്തം ഇപ്പോൾ എനിക്കു സമയമില്ല" എന്നു ചിലർ ഒഴികഴിവു പറയാറുണ്ട്.

ഇന്നത്തെ ലോകത്തിൻെറ ഏററം വലിയ നാശകാരണം ക്രമാതീതമായ ജോലിത്തിരക്കല്ലാതെ മറെറാന്നുമല്ല. കത്താവിൻെറ കാര്യത്തിനുമാത്രം സമയമില്ല.

ദിവ്യരക്ഷകൻെറ വിളിക്കു രണ്ടു വിധത്തിൽ മറുപടി നൽകാം. ഒന്നാമത്തേതു സുബുദ്ധിയുടേതാണ്. ലോകം, പിശാച്, ശരീരം എന്ന ശത്രുക്കളോടു യുദ്ധംചെയ്ത് ദൈവരാജ്യം നമ്മുടെ ഹൃദയത്തിൽ സ്ഥാപിക്കുവാൻ പരിശ്രമിക്കുക. ഇതു് ഉചിതവും ബുദ്ധിപൂർവ്വകവുമായതാണ്. എന്നാൽ പാപം ചെയ്യാതിരിക്കുന്നതും കടപ്പെട്ട നന്മമാത്രം ചെയ്യുന്നതുമല്ല, ശിരസ്സായ മിശിഹായോടുള്ള ഐക്യമാണ്, മിശിഹാ രാജാവിൻെറ ഉത്തമ പടയാളിയുടെ ലക്ഷണം. ജ്ഞാനസ്നാനവാഗ്ദാനം വഴിയായി നാം ഏറെറടുത്ത വിധേയത്വം ഇതുതന്നെയാകുന്നു.

രണ്ടാമത്തെ മറുപടി ത്യാഗത്തി

ന്റേതാണ്. ഇതു സ്നേഹത്തിൽനി
ന്നും ഔദാര്യത്തിൽനിന്നും ഉത്ഭവി
ക്കുന്നു. മിശിഹായുടെ സ്നേഹത്തെപ്ര
തി എന്തും സഹിക്കുന്നതിനും പ്രവ
ർത്തിക്കുന്നതിനും സന്നദ്ധതയുള്ള ധീ
രയോദ്ധാക്കൾ മാത്രമെ ഈ മറുപടി
നല്കുകയുള്ളൂ. സാധാരണക്കാർ ക്ഷീ
ണിച്ചു പിന്മാറുന്ന അവസരങ്ങളിൽ
ഇക്കൂട്ടർ സധൈര്യം മുന്നണിയിൽ
കടന്നു സമരം നടത്തുന്നു. സ്നേഹരാ
ജനെപ്രതി സ്വയം വിസ്മരിക്കുന്നതി
നും ജീവൻപോലും പരിത്യജിക്കുന്ന
തിനും ഇവർ മടിക്കുന്നില്ല. തങ്ങളു
ടെ പ്രയത്നങ്ങൾക്കു മിശിഹാ സ
മ്മാനം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കി
ലും തന്റെ നേർക്കുള്ള സ്നേഹമാണ്
അവരുടെ സകല പ്രവർത്തനങ്ങളുടെ
യും പ്രേരകശക്തി.

എന്റെ ഈശോയെ, സ്നേഹരാ
ജനെ, അങ്ങയോടുള്ള സ്നേഹ
ത്താൽ എന്റെ ഹൃദയത്തെ ജ്വലി
പ്പിക്കണമെ. ഈ സ്നേഹത്താൽമാ

ത്തം പ്രേരിതനായി എന്റെ കൃത്യ ങ്ങൾ ഞാൻ നിൎവ്വഹിക്കട്ടെ. അങ്ങെ ശുശ്രൂഷയിൽ അന്തൎഭവിക്കുന്ന ഔ ദാൎയ്യം പ്രദൎശിപ്പിക്കുവാൻ എന്നെ സഹായിക്കണമെ. വില നിശ്ചയി ക്കാതെ കൊടുക്കുന്നതിനും, പരുക്ക കൾ വകവയ്ക്കാതെ സമരം ചെയ്യു ന്നതിനും, സമ്മാനം പ്രതീക്ഷിക്കാ തെ ബുദ്ധിമുട്ടുന്നതിനും, ആശ്വാസം അന്വേഷിക്കാതെ അദ്ധ്വാനിക്കുന്ന തിനും, എനിക്കനുഗ്രഹം ചെയ്യണ മെ. സകലത്തിലും അങ്ങെ തിരുമന സ്സു നിവൎത്തിക്കുന്നു എന്ന കൃതാൎത്ഥ തമാത്രം നാഥാ, എനിക്കു മതിയാ യിരിക്കുന്നു.

## അദ്ധ്യായം നാല്.

### മിശിഹായുടെ രാജ്യം നമ്മുടെ ബുദ്ധിയിൽ.

1. "ഞങ്ങൾക്കു മിശിഹായുടെ മനസ്സുണ്ട്" എന്ന് വി. പൌലോസ് കൊറിന്ത്യരോടു പറയുന്നതായി രൂപീകരിക്കുക.

2. മിശിഹായുടെ മനസ്സു നമ്മിലുമുണ്ടാകുവാനായി പ്രാർത്ഥിക്കുക.

'ഈശോ നമ്മുടെ ബുദ്ധിയിൽ ഭരണം നടത്തണം.'

മിശിഹായുടെ രാജ്യം നമ്മിൽ സംസ്ഥാപിതമാകണമെങ്കിൽ ആദ്യമായിത്തന്നെ നമ്മുടെ ബുദ്ധിയെ തൻെറ ഭരണത്തിനു അധീനപ്പെടുത്തണം. രാജ്യസ്ഥാപനമെന്ന ആ മഹാസംരംഭത്തിൽ പ്രഥമവും പ്രധാനവുമായ കൃത്യം ഇതുതന്നെയാണ്. മനുഷ്യൻെറ വിവിധ ശക്തികളിൽ പ്ര

മുഖമായതു ബുദ്ധിയാണ്. നമ്മുടെ ആന്തരീക സാമ്രാജ്യത്തിൻെറ നട്ട നായകത്വം വഹിക്കുന്ന പ്രധാന മ. ന്ത്രിക്കൂടിയാകുന്നു ബുദ്ധി. രാജ്യകാര്യ പ്രവീണനായ മന്ത്രി ഭരണവിഷയ ത്തിൽവേണ്ട പദ്ധതികൾ നിമ്മി ക്കുന്നതുപോലെ, നമ്മുടെ ജീവിത ത്തിനു പൊതുവേയും ഓരോ പ്രവൃ ത്തികൾക്കു പ്രത്യേകിച്ചും പരിപാ ടി തയ്യാറാക്കി മനസ്സിൻെറ അംഗീ കരണത്തിനു സമപ്പിക്കുന്നതും ഈ ബുദ്ധിയത്രെ. രാജ്യത്തിൻെറ പുരോ ഗതിയും ഭദ്രതയുമെല്ലാം മന്ത്രിയുടെ ഭരണനൈപുണ്യത്തെയാണല്ലൊ ആ ശ്രയിച്ചിരിക്കുന്നതു്. ഇപ്രകാരം ആ ന്തരീക ഭരണക്രൂടത്തിനും സവ്വപ്രകാ രേണയും ഉത്തമമായ—പരിപാവ നവും പരിപൂണ്ണവുമായ—ഒരു ബു ദ്ധി അപരിത്യാജ്യമത്രെ. എന്നാൽ മിശിഹായെ ഈ രാജ്യത്തിലെ രാ ജാവാക്കണമെങ്കിൽ അവിടുത്തെ മ ന്ത്രിയായ ബുദ്ധി മിശിഹായുടെ ആ

ദർശങ്ങളാലും തത്വങ്ങളാലും നയിക്കപ്പെടണം.

കൂടാതെ നമ്മുടെ ജീവിതത്തിലെ ഓരോ പ്രവൃത്തിയിലും ബുദ്ധി പ്രയോഗിക്കുന്ന കർതൃത്വവും സ്വാധീനശക്തിയും പരിഗണിച്ചാലും ഈ ബുദ്ധിയെ പൂർണ്ണതരമാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ സ്പഷ്ടമാകുന്നതാണ്. നാം ഇപ്പോൾ പ്രാപിച്ചിരിക്കുന്ന അവസ്ഥയ്ക്കു ഉത്തരവാദി, മിക്കവാറും നമ്മുടെ ബുദ്ധിതന്നെയാണ്. നമ്മുടെ ആശയങ്ങളും ആദർശങ്ങളുമാണല്ലൊ നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിച്ചു കാണുന്നതു്. തെററായ ആദർശങ്ങളും ആശയങ്ങളും ക്രമരഹിതമായ വർത്തനാരീതിയെ ഉളവാക്കുന്നതുപോലെ, ബുദ്ധിയുടെ വൈശിഷ്ട്യം നമ്മുടെ ആന്തരീകജീവിതത്തിന്റെ മഹിമയ്ക്കും കാരണമായിത്തീരുന്നു. എന്നാൽ നമ്മുടെ ബുദ്ധി, ഈശോയുടെ ബുദ്ധിയോടു അനുരൂപപ്പെട്ട

മ്പോഠം മാത്രമെ, നമുക്കു കാമ്യവും പ്രാപ്യവുമായ ഏററം വലിയ മഹിമ അഥവാ പൂൎണ്ണത നാം പ്രാപിക്കയുള്ളു.

ബുദ്ധിയാണു മനുഷ്യൻെറ വെളിച്ചം. ഈ വെളിച്ചത്തിൽ ദശിക്കുന്നതു മാത്രമെ അവൻ അഭിലഷിക്കയുള്ളു. എന്നാൽ ഈ വെളിച്ചത്തിൻെറ ഉല്പത്തിസ്ഥാനം അന്ധകാരം (പൈശാചികം) എങ്കിൽ അവൻെറ മുമ്പിലിരിക്കുന്ന സത്യം അവൻ ഗ്രഹിക്കയില്ല. വെളുപ്പു കറുപ്പായും കറുപ്പു വെളുപ്പായും അവൻ കണ്ടെന്നും വരാം. പ്രത്യുത ആ ഉല്പത്തിസ്ഥാനം ജ്ഞാനസൂൎയ്യനായ മിശിഹായാണെങ്കിൽ അവൻെറ ജീവിതപാന്ഥാവ് സ്വൎഗ്ഗീയപ്രഭയാൽ പ്രശോഭിതമായിരിക്കും. സംഗതികളുടെ സത്യാവസ്ഥ അവൻ ഗ്രഹിക്കും. ജീവിതയാത്ര സുനിശ്ചിതമായിത്തീരുകയും ചെയ്യും.

മിശിഹായിൽനിന്നും തെററിമാ

റന്ന ബുദ്ധിയാകട്ടെ ദൂഷിച്ച സ്വഭാവത്തിന്റെ ചാച്ചിലുകൾക്കനുസരണം വെറും ഭൗമികമാത്രമായ ആശയങ്ങളിൽ മുഴുകിപ്പോകുന്നു. യഥാൎത്ഥങ്ങൾ അതു വിസ്മരിച്ചു കളയും. അബദ്ധതത്വങ്ങൾകൊണ്ട് അതു നിറയും. ഈ ദുരവസ്ഥയിൽ മനുഷ്യൻ അന്ധനായിത്തീരുന്നു. ഈ കുരുടത്തമാണു ലോകത്തിന്റെ വിജ്ഞാനികളിൽ സാധാരണ പ്രത്യക്ഷപ്പെടുന്നതു്. അവർ കുശാഗ്രബുദ്ധികളായിരുന്നിട്ടും കാണേണ്ടവ കാണുന്നില്ല; സർവ്വഥാ ആദരിക്കേണ്ടവ അവരുടെ പരിഹാസത്തിനുപോലും വിഷയമാവുകയും ചെയ്യുന്നു.

ഈശോയുടെ ജീവിതകാലത്തും സംഭവിച്ചതിങ്ങനെയാണ്. ന. കൎത്താവിനെ പിഞ്ചെല്ലുവാൻ വേണ്ടിടത്തോളം അറിവ് സാധാരണ ജനങ്ങൾക്കുണ്ടായിരുന്നു. അവരോട് താൻ അരുളിച്ചെയ്തു; "അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാരാകുന്നു."

അതു് അവർ സ്വീകരിച്ചു. അവക്ക് അതു മനസ്സിലായി. ഫരിസേയക്കോ ആചാര്യന്മാക്കോ അതു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. അവർ ഈശോയെ അനുഗമിച്ചില്ല. തന്റെ മേൽ കുററം ആരോപിക്കുന്നതിനാണു് അവർ തുനിഞ്ഞതു്. മിശിഹായുടെ പഠനങ്ങളെക്കാൾ മെച്ചമായ ജ്ഞാനം തങ്ങൾക്കുണ്ടെന്നു് അവർ അന്ധാളിച്ചുപോയി. ഈ അബദ്ധം നമുക്കു പററാതിരിക്കട്ടെ.

മനുഷ്യബുദ്ധിക്കു പററിയിരിക്കുന്ന ഈ ആബദ്ധ്യം നീക്കി അതിനെ പരിപാവനവും പരിപൂർണ്ണവുമാക്കിത്തീക്കുന്നതിനു്, സകല മനുഷ്യരേയും പ്രകാശിപ്പിക്കുന്ന ആ പരമവെളിച്ചം—ദിവ്യരാജാവുതന്നെ നമ്മുടെ ബുദ്ധിയിൽ രാജാവായി വാഴണം.

## II

### ഈശോ നമ്മുടെ ബുദ്ധിയിൽ ഭരണം നടത്തണമെങ്കിൽ നാം അതിനെ ഈശോയുടേതാക്കിത്തീർക്കണം.

മിശിഹായെ, നമ്മുടെ ബുദ്ധിയുടെ രാജാവാക്കണമെങ്കിൽ, അതിൻെറ പൂർണ്ണാവകാശം നാം തനിക്കു വിട്ടുകൊടുക്കണം. അതിൻെറ സകല പ്രവർത്തനങ്ങളുടേയും ചലനശക്തിയും പ്രേരണാശക്തിയും ഈശോ ആയിത്തീരണം. ഈശോയാൽ അതു നിറയണം. യുക്തം പോലെ അതു നന്നാക്കുകയോ ഉടച്ചുവാർക്കുകയോ ചെയ്യുന്നതിനു തന്നെ അനുവദിക്കണം. മിശിഹായാണ് നമ്മുടെ സർവ്വസ്വവുമായ ഏക നേതാവ്. മിശിഹായെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനംകൊണ്ടു നമ്മുടെ മനസ്സു നിറയുകയും, മിശിഹായും മിശിഹായുടെ പഠനങ്ങളും നമ്മുടെ

വിചാരങ്ങളുടെയും പഠനങ്ങളുടെയും കേന്ദ്രമായിത്തീരുകയും, നമ്മുടെ ബുദ്ധി മിശിഹായുടേതാക്കി അതിൽ ക്രൂടി നാം ചിന്തിക്കയും ദർശിക്കയും ചെയ്യുമ്പോഴാണ് മിശിഹാ അതിൻെറ രാജാവാകുന്നു എന്ന സത്യം നമുക്കനുഭവപ്പെടുന്നത്. അപ്പോഠം അതിനു സത്യമായ ജ്ഞാനം ലഭിക്കുന്നു. ആരാകുന്നു യഥാൎത്ഥ ജ്ഞാനി? പഠിപ്പിക്കപ്പെടുകയും പ്രകാശിപ്പിപ്പെക്കടുകയുംചെയ്യുന്നതിനുവേണ്ടി, അതീവസ്നേഹത്തോടും പരമാൎത്ഥതയോടും ക്രൂടി മിശിഹായെ സമീപിച്ച്, പൂൎണ്ണവും ആന്തരീകവുമായി തന്നെ അറിയുകയും തദ്വാരാ സൎവ്വാത്മനാ തന്നെ സ്നേഹിക്കയും ഈ സ്നേഹബന്ധത്തിൽ തൻെറ ഹൃദയരഹസ്യങ്ങളുടെയും മാധുൎയ്യമേറിയ സ്നേഹത്തിൻേറയും ദർശനം ആൎക്ക് പരമ ഭാഗ്യമായിത്തീരുന്നുവോ അവനാണു സാക്ഷാൽ ജ്ഞാനി. "ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു"

എന്നു് ഈ ദിവ്യനാഥൻതന്നെ ഒരിക്കൽ പറയുകയുണ്ടായി. "എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. അവനു ജീവന്റെ വെളിച്ചം ലഭിക്കും." ഈ വിധം മിശിഹായാൽ നിറയപ്പെട്ട ഒരു മനസ്സാണു് വി. പൌലോസിനുണ്ടായിരുന്നതു്. ഈ ശ്ലീഹാ പഠിച്ചതും പഠിപ്പിച്ചതും മിശിഹായെ മാത്രമായിരുന്നു. അദ്ദേഹം പറയുന്നു "മിശിഹായെ–അതും കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായെ–അല്ലാതെ മറെറാന്നും അറിയുന്നില്ല."

## III

### 'നമ്മുടെ വിശ്വാസം' മിശിഹായെ നമ്മുടെ ബുദ്ധിയുടെ രാജാവാക്കിത്തീർക്കുന്നു.

മഹത്വത്തിന്റെ രാജാവു നമ്മുടെ ബുദ്ധിയിൽ പ്രവേശിക്കുന്നതിനുള്ള വാതിലാണു നമ്മുടെ വിശ്വാ

സം. വെളിപ്പെടുത്തപ്പെട്ടിട്ടുള്ള പരമ സത്യങ്ങളും മിശിഹായുടെ പ്രബോധനങ്ങളും അചഞ്ചലമായി വിശ്വസിക്കുകയും അവയ്ക്കു പൂർണ്ണമായി കീഴ്പെടുകയും ചെയ്യുന്ന ഒരു ബുദ്ധിയിലാകുന്നു മിശിഹായുടെ സാമ്രാജ്യം സ്ഥിതിചെയ്യുന്നതു്. താൻ അഭിലഷിക്കുന്ന ഏക കാര്യവും ഇതുതന്നെ. ഒരാത്മാവിനെ പൂർണ്ണമായി കൈവശപ്പെടുത്തുവാൻ ആഗ്രഹിക്കുമ്പോൾ താൻ ഒന്നാമതായി ചെയ്യുന്നതു് ബുദ്ധിയെ സ്വാധീനപ്പെടുത്തുവാൻ ശ്രമിക്കുകയാണു്. തന്റെ ആദർശങ്ങളും തത്വങ്ങളും നിയമസംഹിതകളും താൻ വെളിപ്പെടുത്തുന്നു. നമ്മുടെ ബുദ്ധി അവയെ സമ്മതിച്ചു് അവയ്ക്കു കീഴ്പെടുമ്പോൾ തന്റെ ആധിപത്യം അവിടെ സ്ഥാപിതമാകുന്നു. നമ്മുടെ ആശയങ്ങളും വിധികളും ഈശോയുടേതിനു അനുരൂപപ്പെടുത്തിക്കൊണ്ടു ഇതു സാധിക്കണം. ഇതിൽ യാ

തൊരസാംഗത്യവുമില്ല. മിശിഹാ അ
വതീൎണ്ണമായ വെളിച്ചമാണ്. താൻ
മാത്രമാണു ദൈവത്തിൻെറ ജ്ഞാ
നം. സൃഷ്ടികളായ നാം ജ്ഞാനമെ
ന്നു കരുതുന്നതു് വെറും മൂഢത്തവും
അജ്ഞതയുമല്ലാതെ മററെന്താണ്?
ഇതിനൊരപവാദം വിശുദ്ധന്മാ
രിൽ മാത്രമെ കല്പിക്കാനുള്ളൂ. അതാ
വട്ടെ ഈശോകത്താവിൽനിന്നും ക
ത്തിച്ചെട്ടത്ത പ്രകാശമാണുതാനും.
നിൎഭാഗ്യവശാൽ നമ്മുടെ ജ്ഞാനം
പലപ്പോഴും ഭൗമികമാത്രമായിത്തീ
രുന്നു. നമുക്കു പരിശോധിച്ചിട്ടാവ
ശ്യമില്ലാത്തവയിൽതന്നെ ക്രമംകട
ന്നാ യുക്തിവാദത്തിനും ഗവേഷണ
ത്തിനും നാം തുനിയുന്നു. വിശ്വാസം
നമ്മെ പഠിപ്പിക്കുന്നതു് നമ്മുടെ ബു
ദ്ധിക്കതീതമായ പരമ ജ്ഞാനമാ
ണെന്നും അതു മററെല്ലാ ശാസ്ത്രങ്ങ
ളേയുംകാൾ ഉപരി വിശിഷ്ടമാണെ
ന്നുമുള്ള സത്യം നാം വിസ്മരിച്ചു ക
ളയുന്നു. മിശിഹായാൽ പരിപൂൎണ്ണ

മായി ഭരിക്കപ്പെട്ടന്ന ഒരു വിശുദ്ധ നേക്കാറം സൂക്ഷ്മദൃക്കും വിദ്യാസമ്പ ന്നനമായി മററാരാണുള്ളതു്?

ഇന്നു വളരെപ്പേർ വിദ്യാസമ്പ ന്നരെന്നും വിജ്ഞന്മാരെന്നും സ്വയം പ്രശംസിക്കുന്നുണ്ട്. എന്നാൽ ഗൗ രവാവഹവും അപരിത്യാജ്യങ്ങളുമാ യ ഇന്നത്തെ സാമുദായിക പ്രശ്ന ങ്ങറംക്കു ഒരു പ്രതിവിധി കണ്ടുപി ടിക്കുവാൻ ഇവർ തികച്ചും അപ്രാ പ്തരാണുതാനം. വിശ്വാസം പഠി പ്പിക്കുന്നവയെ ഇവർ ത്യാജ്യകോടി യിൽ തള്ളിക്കളയുന്നതാണു് ഇതി ന കാരണം. ആധുനിക ലോകത്തെ കൂടുതൽ സൗഭാഗ്യകരവും പാവന തരവുമായ ജീവിതപാന്ഥാവിലേ യ്ക്കു തിരിച്ചുകൊണ്ടുവരുവാൻ, ദൃഢ വും നിഷ്കപടവുമായ വിശ്വാസ ചൈതന്യമുള്ള പുണ്യാത്മാക്കളാ ണു, വിദ്യാസമ്പന്നരേക്കാറം ആവ ശ്യമുള്ളതു്. ഇന്നുവരെ ജീവിച്ചിട്ടു ള്ള വിദ്വച്ഛിരോമണികളുടെ പരി

ശ്രമങ്ങൾ ഒന്നിച്ചുചേർത്താൽ, അതു, വല്ലതുമൊരു നന്മയാണെങ്കിൽ, അതിൽ പതിന്മടങ്ങു നന്മയാണ് ഒരു ആർസിലെ വികാരിയോ ഒരു കൊച്ചുത്രേസ്യയോ ചെയ്തിട്ടുള്ളതു്. ദിവ്യപ്രഭയായ മിശിഹായോട് ഇവർ മനഃപൂർവ്വം സഹകരിച്ചതാണിതിനു കാരണം. ദിവ്യപ്രകാശത്തിന്റെ അത്ഭുതരശ്മികൾ ഇവരിൽനിന്നും നാനാ ഭാഗങ്ങളിലേയ്ക്കും വീശിക്കൊണ്ടിരുന്നു.

ഇനി നമ്മെത്തന്നെ ഒന്നു പരിശോധിക്കാം. ആധുനിക ലോകത്തിന്റെ ചിന്താഗതിയാണോ നമുക്കുമുള്ളതു്? അഥവാ മിശിഹായുടേതോ? ദാരിദ്ര്യത്തേയും വിനീതമായ ജീവിതാവസ്ഥയേയും, കഷ്ടതകളേയും, ജീവിതാസൗകര്യങ്ങളേയും അജ്ഞാതജീവിതത്തേയും കുറിച്ചുള്ള നമ്മുടെ മനസ്ഥിതി എങ്ങിനെയാണ്? അവയെക്കുറിച്ചു പുച്ഛമോ? പ്രശംസയോ? അധികാരത്തെ നാം

എങ്ങിനെ വ്യാഖ്യാനിക്കുന്നു? "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" എന്നു ഈശോ അരുളിച്ചെയ്യുന്നു. തിരുസ്സഭയുടെ അധികാരികളെ ദൈവംതന്നെ നയിക്കുന്നു എന്നു വിശ്വസിക്കുന്നുണ്ടോ? അവരുടെ വിധികളേയും അഭിപ്രായഗതികളേയും എങ്ങിനെ വീക്ഷിക്കുന്നു? നമ്മുടെ ചിന്താഗതിയിൽ ആത്മീയമായതിനോ ലൌകികമായതിനോ പ്രാധാന്യം? പുണ്യത്തേയോ പഠനത്തേയോ വിലമതിക്കുന്നതു്? ലൌകികനാശങ്ങളിൽ നാം അമിതമായി ക്ലേശിക്കുന്നുണ്ടോ? ലോകത്തിൻെറ ആദ്ധ്യാത്മികമായ അധഃപതനത്തിൽ നമ്മുടെ മനസ്ഥിതിയെന്തു്? "നിങ്ങളെ ദ്വേഷിക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിപ്പിൻ, അവൎക്കു നന്മ ചെയ്യുവിൻ" എന്നുള്ള മിശിഹായുടെ പ്രബോധനങ്ങളെ നാമെങ്ങിനെ അനുസരിക്കുന്നു? ഇങ്ങനെ നമ്മുടെ ആശയഗതികളെ

പരിശോധിച്ച് നമ്മുടെ ദിവ്യരാജാവിന്റെ തത്വങ്ങളോടും ആദശ്ങളോടും അവയെ തുലനം ചെയ്തു തെററുകഠം തിരുത്തുക.

നമ്മുടെ ബുദ്ധി ഈശോയാൽ പൂരിതമാകണം. തന്റെ വിശിഷ്ട തത്വങ്ങളാൽ അതു നിറയണം. ഈശോയുടെ പ്രകാശം നമ്മെ ജീവിപ്പിക്കട്ടെ. നമ്മുടെ വിശ്വാസം സജീവവും സാത്ഥകവുമായിരുന്നെങ്കിൽ! നമ്മുടെ ആന്തരിക സാമ്രാജ്യത്തിന്റെ നിയമസംഹിത മിശിഹായും മിശിഹായുടെ പഠനങ്ങളും മാത്രമായിരിക്കട്ടെ. ഈശോ നമ്മുടെ മനസ്സിൽ ജീവിക്കയും ഭരിക്കയും ചെയ്യട്ടെ.

ഓ! എന്റെ നാഥാ, അങ്ങെ അറിയുന്നതിനുള്ള ആകാംക്ഷയാൽ പ്രേരിതമായി സതീക്ഷ്ണം അങ്ങെ ആരായുന്ന എന്റെ ഈ മനസ്സിനെ, ഒ! പരമജ്ഞാനമേ, നിന്നെ ക

ണ്ടെത്തുന്നതിന്ന പ്രാപ്തമാക്കിയരുള ണമെ.

(വി. തോമസ് അകിനാസ്.)

## അദ്ധ്യായം അഞ്ച്

### മിശിഹായുടെ രാജ്യം നമ്മുടെ മനസ്സിൽ സംസ്ഥാപിക്കണം.

1. "കത്താവെ, കത്താവെ, എന്നു വിളിക്കുന്നവനല്ല, സ്വൎഗ്ഗസ്ഥിതനായ എന്റെ പിതാവിന്റെ ഇഷ്ടം നിൎവ്വഹിക്കുന്നവനാണ് സ്വൎഗ്ഗത്തിൽ പ്രവേശിക്കുന്നതു്" (മത്താ. 7. 21.) എന്നു് നമ്മുടെ ദിവ്യരാജൻ അരുളിച്ചെയ്യുന്നതായി വിചാരിക്കുക.

2. കത്താവിന്റെ തിരുച്ചിത്തത്തോട് നമ്മുടെ മനസ്സിനെ പരിപൂൎണ്ണമായി യോജിപ്പിക്കുന്നതിന്നവേണ്ട കൃപാവരം അഭ്യൎത്ഥിക്കുക.

## I

### മിശിഹാ നമ്മുടെ മനസ്സിൽ ഭരണം നടത്തണം.

നന്മയായിട്ടുള്ളതു തിരഞ്ഞെടുക്കുന്നതിനും, തദ്വാരാ പരിപൂർണ്ണതയും യോഗ്യതകളും സമ്പാദിക്കുന്നതിനുമാണ് ദൈവം നമുക്കു സ്വതന്ത്ര മനസ്സു നൽകിയിരിക്കുന്നത്. ഈ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് നമ്മുടെ മനസ്സിനെ അധിരാജനായ മിശിഹായ്ക്കു വിധേയമാക്കണം. ഇപ്രകാരം, സ്വാതന്ത്ര്യമെന്ന അമൂല്യദാനത്തെ നഷ്ടപ്പെടുത്താതെ നമുക്കു അരൂപിയുടെ സ്വാതന്ത്ര്യം പ്രാപിക്കാം. മനസ്സിന്റെ വൈശിഷ്ട്യത്തിൽ പരിപൂർണ്ണതയുടെ ഔന്നത്യം സ്ഥിതിചെയ്യുന്നു. യാതൊരുത്തൻ ബുദ്ധിയുടേയും വിശ്വാസത്തിന്റേയും ആജ്ഞാനുസരണം, തന്റെ എല്ലാ ശക്തികളേയും ദൈവഹിതത്തി

നൊത്തവണ്ണം നിയന്ത്രിക്കുന്നതിനു പ്രാപ്തനാകുന്നുവോ, യാതൊരുത്തൻ ദൈവാഭീഷ്ടമനുസരിച്ച് സർവ്വദാ പ്രവർത്തിക്കത്തക്കവണ്ണം ഐഹികബന്ധങ്ങളിൽനിന്ന് വിമുക്തനായിരിക്കുന്നുവോ അവനാകുന്നു യഥാർത്ഥത്തിൽ സ്വതന്ത്രൻ. മിശിഹാ നമ്മുടെ മനസ്സിൽ തൻെറ രാജ്യം സ്ഥാപിച്ചാൽ തീർച്ചയായും നാം വലിയ ശക്തന്മാരും അനുഗ്രഹീതരും ആയിത്തീരും. ആകയാൽ യഥാർത്ഥമായ അഭ്യുദയം നാം കാംക്ഷിക്കുന്നുവെങ്കിൽ മിശിഹാ നമ്മുടെ മനസ്സിൽ ഭരണം നടത്തുന്നതിനു നാം പൂർണ്ണമായി സമ്മതിക്കണം. ഇതായിരിക്കണം നമ്മുടെ സർവ്വപ്രധാനമായ ഉദ്ദേശ്യം. ഇതു സകല നന്മകൾക്കും കാരണമാകുന്നു. ഇതിൻെറ അഭാവത്തിൽനിന്നു എല്ലാ തിന്മകളും ഉത്ഭവിക്കുന്നു. ദൈവതിരുമനസ്സിനു അനുയോജ്യമല്ലാത്ത ആഗ്രഹങ്ങൾ പാപമാകുന്നു. നമ്മുടെ മനസ്സു ദൈവതി

ഒരു മനസ്സിനു വിധേയമാകാത്തിടത്തോളം കാലം നമുക്കു സമാധാനമുണ്ടാകയില്ല. വിപരീതമനസ്ഥിതി എവിടെയും വൈഷമ്യങ്ങളെ മാത്രമെ ഉളവാക്കുകയുള്ളൂ. മനസംയോജ്യതയാകട്ടെ എല്ലാ നന്മകൾക്കും കാരണവുമാണു്. അധിപൻെറ ആജ്ഞകൾ അനുവർത്തിക്കപ്പെടാത്ത രാജ്യം അധഃപതിക്കുന്നു. ഇതുതന്നെയാണു മിശിഹായുടെ രാജ്യത്തിലേയും അനുഭവം. ആകയാൽ മിശിഹായുടെ ഭരണത്തിനായി നമ്മുടെ മനസ്സിനെ നാം പരിപൂർണ്ണമായി പരിത്യജിക്കണം. നമ്മുടെ മനസ്സിനേക്കാൾ പ്രിയംകരമായും, അഭികാമ്യമായും മറെറാന്നും നമുക്കില്ലാത്തതിനാൽ അതിൻെറ അർപ്പണമാകുന്നു നമുക്കു ദൈവത്തിനു നല്കാവുന്നതിൽ ഏററം വലിയ കാഴ്ച. ഈദൃശ പരിത്യാഗത്തിൻെറ വിജയം എവിടെയും, സാമൂഹ്യജീവിതത്തിൽ പ്രത്യേകിച്ചും, സുവിദിതമാണല്ലൊ. തൻെറ

ഹിതാനുസരണം വർത്തിക്കുന്ന യോ
ദ്ധാവിനു രാജ്യത്തേയൊ, രാജാവി
നേയൊ യഥാവിധി സേവിക്കാൻ
സാധിക്കയില്ല. ആകയാൽ വി. അ
ൻസേൽമൂസ് ഉൽഘോഷിക്കുന്നു:
"സ്വന്ത മനസ്സിനെ പിൻചെല്ലുന്നാ
വൻ ദൈവത്തിൻെറ കിരീടം അപ
ഹരിക്കുന്നു." ദൈവഹിതാനുസരണം
പ്രവർത്തിക്കുമ്പോൾ മാത്രമെ നമ്മുടെ
മനസ്സും, നാം മുഴുവനും ദൈവത്തി
ൻേറതായിത്തീരുകയുള്ളു. നമ്മുടെ
സ്രഷ്ടാവും, രാജാവുമായ സർവ്വേശ്വര
നു നൽകുവാൻ നമുക്കു കഴിയുന്നതിൽ
ഏററം വലിയ ബഹുമാനം തൻെറ
തിരുച്ചിത്തം നിർവ്വഹിക്കുകയാണ്.
ആകയാൽ ഇക്കാര്യത്തിൽ അലസ
ത ഭാവിക്കുന്നതു് വിഹിതമൊ? ന
മ്മുടെ എല്ലാ ശക്തികളും, അഭിലാ
ഷങ്ങളും മിശിഹായാൽ ഭരിക്കപ്പെ
ടട്ടെ. മിശിഹായുടേതല്ലാതെ മററൊ
രു മനസ്സ നമ്മിൽ ഉണ്ടാകാതേയുമി
രിക്കട്ടെ.

## II

### മിശിഹാരാജൻെറ അഭിലാഷങ്ങൾക്ക നമ്മുടെ മനസ്സിനെ എങ്ങിനെ വിധേയമാക്കണം?

യഥാൎത്ഥ സമാധാനവും സൌഭാഗ്യവും അനുഭവിക്കണമെങ്കിൽ നമ്മുടെ മനസ്സിനെ അധിരാജനായ മിശിഹായുടെ മനസ്സിനോട് അനുരൂപപ്പെടുത്തണം. ഇതു നമ്മുടെ പ്രവൃത്തികൾ വഴിയായിട്ടത്രെ സാധിക്കേണ്ടതു്. നമ്മുടെ അനുദിന ജീവിതത്തിൽ ഏററം ചെറിയ കാര്യങ്ങളിൽപോലും മിശിഹായുടേതല്ലാതെ മറെറാരു മനസ്സ നമുക്കുണ്ടാകാതിരിക്കത്തക്കവണ്ണം നാം അത്ര കരുതലോടും, പുണ്യപൂൎണ്ണതയോടുംകൂടെ വൎത്തിക്കണം. ചിലപ്പോഴും നമ്മുടെ ആഗ്രഹങ്ങൾ മിശിഹായുടെ അഭിലാഷങ്ങൾക്ക വിപരീതമായിരിക്കും.

മാത്രമല്ല, ചില അവസരങ്ങളിൽ ഈ വിധേയ മനോഭാവത്തിന്ന ഗുരുതരമായ വിഷമതകഠം അനുഭവപ്പെട്ടെന്നും വരാം. ഇപ്രകാരമുള്ള അവസരങ്ങഠം ലഭിക്കുന്നതിന്ന നാം അപേക്ഷിക്കണം; ആ സന്ദർഭങ്ങളിൽ സധീരം പോരാടുകയുംവേണം. അപ്പോഠം നമ്മുടെ ആദ്ധ്യാത്മിക സാമ്രാജ്യത്തിന്ന സിദ്ധിക്കുന്ന സമാധാനം എത്ര അഭിലഷണീയം! സിദ്ധന്മാർ പ്രകീത്തിക്കുന്ന ആ മഹദചിജയം കൈവരിക്കാനുള്ള അവസരമാകുന്നു അതു്. നാം എപ്പോഠം നമ്മുടെ സ്രഷ്ടാവിനെ എതിക്കുമോ, എപ്പോഠം തന്റെ ആഗ്രഹങ്ങഠംക്കു വിപരീതമായി വിചാരിക്കുവാൻ തുനിയുമോ അപ്പോഠം നാം അധഃപതിച്ചു സമാധാനരഹിതരായിത്തീരുന്നു. അനുഭവം ഇതിന്ന സാക്ഷ്യം വഹിക്കുന്നില്ലയൊ? തന്മൂലം നമ്മുടെ മനസ്സിനെ നമ്മുടെ കത്താവിന്റെ മനസ്സിനോടു സംയോജിപ്പിച്ചുകൊണ്ടു "ക

ത്താവെ! എന്റെ മനസ്സല്ല, പ്രത്യു
ത, നിന്റെ തിരുമനസ്സപോലെയാ
കട്ടെ" എന്ന നമുക്ക പറയാം.

## III

### അരൂപിയുടെ സ്വാതന്ത്ര്യം.

മിശിഹാ രാജാധിരാജനും, ഗുരു
ക്കന്മാരിൽ അദ്വിതീയനുമാകുന്നു.
സൃഷ്ടികൾ എല്ലാം, വിശിഷ്യ, ബു
ദ്ധിയുള്ള സൃഷ്ടികളായ നാം, അവ
ശ്യം കീഴ്പെട്ടിരിക്കേണ്ട ഒരു ദിവ്യ
ശക്തിയാകുന്നു ദൈവതിരുമനസ്സ്.
"ദൈവത്തോട്ട സംയോജിക്കപ്പെടാ
തെ മനുഷ്യ പ്രകൃതി ഒരിക്കലും പ
രിപൂൎണ്ണമായിത്തീരുന്നില്ല എന്നു
വി. തോമസ് അക്വിനസ് അഭി
പ്രായപ്പെടുന്നു. കൃപാവരത്തിന്റെ
സഹായത്താൽ നമ്മുടെ ബുദ്ധിയും,
മനസ്സും, ദൈവത്തിനു വിധേയമാ
ക്കിക്കൊണ്ടു സകലവിധ സൌഭാ
ഗ്യങ്ങൾക്കും നിദാനമായ ആ സം

യോഗ്യത പ്രാപിക്കാൻ നമുക്കു കഴിയും. ദൈവത്തിൻെറ അനിഷേധ്യമായ ഈ ആധിപത്യത്തെ അവഗണിച്ചു പ്രവത്തിക്കുന്നവൻ ആപൽക്കരമായ ഒരു വിഷമഘട്ടത്തെ സ്വയം കൈവരിക്കയാണു ചെയ്യുന്നതു്. മാത്രമല്ല, സ്വാതന്ത്ര്യത്തെ അതീവ അഭിലഷിക്കുന്ന നാം, അന്യന് അധീനപ്പെടുന്നതിൽ വൈമുഖ്യം പ്രദശിപ്പിക്കുന്ന നാം, നമ്മെത്തന്നെ ഒരടിമയാക്കിത്തീക്കുകയും ചെയ്യുന്നു. ഏതൻമൂലം നമ്മുടെ ആത്മപരിശുദ്ധതയും, സ്രഷ്ടാവിനോടുള്ള കടപ്പാടിൻെറ നിവ്വഹണവും ദൈവതിരുമനസ്സിനു പൂണ്ണമായി നമ്മെ കീഴ്പെടുത്തുന്നതിൽ അടങ്ങിയിരിക്കുന്നു. മനോഹരതയും, സൗഭാഗ്യവും, സമാധാനവും ഇതിൽത്തന്നെയാകുന്നു സ്ഥിതിചെയ്യുന്നതു്.

നമ്മുടെ മനസ്സിന് അതിൻെറ അധിപനും, ഗുരുനാഥനുമായ മിശിഹായുടെ സന്നിധിയിലേയ്ക്കുള്ള പ്ര

യാണത്തിൽ പല തടസ്സങ്ങളും ഉണ്ടാകാനിടയുണ്ട്. അവയെല്ലാം നാം സധൈര്യം തരണംചെയ്യതന്നെവേണം. സൃഷ്ടവസ്തുക്കളിൽ നിന്നു നമുക്കു വിമുക്തരാകാം. നിരവധി മാർഗ്ഗങ്ങളിലൂടെ അവയോടു നാം ബന്ധിക്കപ്പെട്ടുപോകുന്നു. കൃത്യനിർവ്വഹണത്തിൽനിന്നുള്ള അല്പമായ വ്യതിചലനംപോലും ഏതെങ്കിലും ഒരു സൃഷ്ടിയോടുള്ള നമ്മുടെ മനസ്സിൻെറ ക്രമരഹിതമായ ആകർഷണംകൊണ്ടല്ലയൊ സംഭവിക്കുന്നത്? മനുഷ്യരെ ഭയന്നു കടമ നിറവേററുന്നതിൽ പലപ്പോഴും നാം അനാസ്ഥ ഭാവിച്ചുകളയുന്നു. ഇതു ഭീരുത്വമല്ലയോ? എളിമപ്പെടേണ്ട അവസരങ്ങളിൽ നിന്ന് ഓടിഒളിക്കുന്നു. ദ്രവ്യനഷ്ടവും, തൻമൂലമുണ്ടാകുന്ന ദാരിദ്ര്യവും നാം വെറുക്കുന്നു. അങ്ങിനെ സംഭവിച്ചേക്കുമെന്നുള്ള വിചാരംപോലും അസഹ്യമായിത്തീരുന്നു. കായക്ലേശവും എത്ര അരുചികരം! മരണം ഭ

യാനകം. ഈദൃശ മനസ്ഥിതി ന മ്മെ അനുസ്മരിപ്പിക്കുന്നതു് എന്താ ണു്? നമ്മുടെ ദുർവ്വാസനകളോടു ധീ രധീരം പോരാടേണ്ടതിൻെറ ആവ ശ്യകത ഇതു സ്പഷ്ടമായി നമ്മെ ഗ്ര ഹിപ്പിക്കുന്നു. ദാരിദ്ര്യം, നിന്ദ, അ രിഷ്ടതകൾ എന്നല്ലാ മരണത്തെ പ്പോലും വിശ്വാസദൃഷ്ട്യാ ദർശിച്ചു, നിഷ്പക്ഷ മനസ്ഥിതിയോടെ കൈവ രിക്കുന്നവൻ ആരോ അവനാകുന്നു സാക്ഷാൽ സ്വതന്ത്രൻ. അവനല്ലാ തെ മററാരും സ്വാതന്ത്ര്യം അനുഭ വിക്കയുമില്ല. മററുള്ളവരാകട്ടെ, സ ർവ്വദാ ഭീരുക്കളായും, സ്വാഭീഷ്ടങ്ങ ളാൽ ആനീതരായും, നിസ്സാരവസ്തു ക്കളാൽപോലും ബന്ധിതരായും കാ ണപ്പെടുന്നു. ആക്ക് തങ്ങളുടെ മന സ്സിനെ പൂർണ്ണമായി അധീനപ്പെടു ത്തണമൊ ആ സർവ്വാധിപനായ ദൈവത്തിൽ നിന്നു് അനുനിമിഷം അവർ അകന്നുപോകുന്നു. അവർ സ്വാതന്ത്ര്യത്തിൻെറ കണികപോ

ല്യം ആസ്വദിക്കയില്ല. അതുകൊ
ണ്ടു, സകല അഭ്യുദയങ്ങൾക്കും കാ
രണകത്താവായ മിശിഹാ എല്ലാ
യ്പോഴും നമ്മെ ഭരിക്കട്ടെ! തന്റെ
പരിപാവനമായ അഭിലാഷം നിവ്വ
ഹിക്കുക എന്നതായിരിക്കണം നമ്മു
ടെ സകല പ്രവത്തനങ്ങളുടേയും പ്രേ
രണാശക്തി.

കത്താവെ! എന്റെ സ്വാതന്ത്ര്യം
മുഴുവനും, ഓമ്മ, ബുദ്ധി, മനസ്സ് തുട
ങ്ങി എനിക്കുള്ളവ സമസ്തവും അവി
ടുന്നു സ്വീകരിച്ചാലും. സവ്വവും അ
വിടുത്തേതാകുന്നു. എല്ലാം അങ്ങെ
ഹിതാനുസരണം വിനിയോഗിച്ചു
കൊള്ളണമെ.



## അദ്ധ്യായം അറ്.

### മിശിഹായുടെ ഭരണം നമ്മുടെ അന്തരേന്ദ്രിയങ്ങളിൽ.

1. ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാകുന്നു എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

2. നമ്മുടെ ആന്തരികാവസ്ഥ ശരിയായി ഗ്രഹിക്കുന്നതിനും, അന്തരേന്ദ്രിയങ്ങളെ മിശിഹായുടെ ഭരണത്തിനു വിധേയമാക്കുന്നതിനും വേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

I

സ്നേഹരാജനായ മിശിഹാ തൻെറ പൂൎണ്ണാധികാരത്തോടുകൂടി ഒരാത്മാവിൽ വാഴുവാൻ ആഗ്രഹിക്കുമ്പോൾ ആ ആത്മാവിനെ ആദ്യമായിത്തന്നെ വിശ്വാസമെന്ന വിശി

ഷ്ടദാനത്താൽ സമലംകരിക്കുന്നു. അനന്തരം ഓൎമ്മ, ബുദ്ധി തുടങ്ങിയ അന്തരേന്ദ്രിയങ്ങളേയും, അവയുടെ കഴിവുകളെയും, കണ്ണു, മൂക്കു, മുതലായ ബാഹ്യേന്ദ്രിയങ്ങളേയും, എന്നല്ല, ശരീരത്തിന്റെ അത്യല്പമായ ചലനംപോലും സ്വാധീനമാക്കുന്നു. ഇപ്രകാരം ആഭ്യന്തരമായും, ബാഹ്യമായുമുള്ള സകലത്തേയും കീഴടക്കി, പരിപൂൎണ്ണ വിജയത്തോടെ താൻ ആ ആത്മാവിൽ ഭരണം നടത്തുന്നു. നാം മുഴുവനും നമ്മുടെ സൎവ്വസ്വവും ഈ ദിവ്യരാജനാൽ സ്വാധീനമാക്കപ്പെട്ടുകയും, ഭരിക്കപ്പെട്ടുകയും വേണം. ഇതു സാധിച്ചാൽ നമ്മുടെ ജന്മം ഫലപ്രദമായി. ഇതിനു, നമ്മെത്തന്നെ പരിപൂൎണ്ണമായി ആത്മസമൎപ്പണം ചെയ്യണം. ഈ സമൎപ്പണത്തിലാണു നമ്മുടെ ജീവിതവിജയം അടങ്ങിയിരിക്കുന്നതു്. ആന്തരിക ശക്തികളിൽ ഏററവും ശ്രേഷ്ഠമായ ബുദ്ധിയിലും മനസ്സിലും

മിശിഹാ ഭരണം നടത്തുന്നതിന്ന നാം എന്തുചെയ്യണമെന്ന കണ്ടുകഴിഞ്ഞു. ഇനിയും തന്റെ ഭരണത്തിനധീനമാക്കേണ്ട മററു ശക്തികളെപ്പററി ചിന്തിക്കാം.

ഇവയിൽ ഒന്നാമത്തേതു് വിവേചനാബുദ്ധിയാകുന്നു. ഇതിന്റെ ജോലി ബാഹ്യേന്ദ്രിയങ്ങൾവഴി ലഭിക്കുന്ന ഭാവനകളെ തിരിച്ചറിയുകയും വച്ചു സൂക്ഷിക്കുകയുമാണു്. ആകയാൽ "നന്മയെ തിന്മയായിട്ടോ തിന്മയെ നന്മയായിട്ടോ ഗ്രഹിക്കുന്നവന്ന നാശം." (Is. 5. 20.) അപ്രകാരംതന്നെ ത്യജിക്കേണ്ടതു ത്യജിക്കാതെ ഏതിന്നും ഭാവനാശക്തിയിൽ സ്ഥാനമനുവദിക്കുന്നതും ആപൽക്കരമാകുന്നു. ആകയാൽ പരിപൂണ്ണത ആഗ്രഹിക്കുന്നവർ നന്മയെ സ്വീകരിച്ചു തിന്മയെ പരിവജ്ജിക്കേണ്ടതു് അവശ്യം ആവശ്യമത്രെ. വിവേചനാശക്തിയെ വേണ്ടത്ര സൂക്ഷ്മത്തോടെ ഉപയോഗിച്ചാൽ മാത്രമെ

ഇക്കാര്യം സാധിക്കയുള്ളു. വിവേച
നാബുദ്ധി ശരിയായി പ്രവത്തിക്ക
ണമെങ്കിൽ അതു് യാതൊരു അ
സ്വാസ്ഥ്യത്തിനും ക്രമക്കേടിനും അ
ധീനമാകാതിരിക്കണം. മിശിഹാ
അതിൽ ഭരണം നടത്തുന്നതിനു ഒ
ഴിച്ചുകൂടാൻ പാടില്ലാത്ത ഒരു നി
ബന്ധനയാണിതു്. ആകയാൽ സ
മാധാനഭഞ്ജനത്തിനോ, ക്രമരാഹി
ത്യത്തിനോ കാരണമായേക്കാവുന്ന
യാതൊന്നും നമ്മുടെ ഉള്ളിൽ പ്ര
വേശിക്കുവാൻ അനുവദിക്കരുതു്.

## II

നമ്മുടെ ഭാവനാശക്തിയിലും നി
ർണ്ണായകബോധത്തിലും മിശിഹാ ഭ
രണം നടത്തണം. ഇതിനു നാം എ
ന്തു ചെയ്യണം? ഭാവനാശക്തി മനു
ഷ്യനിലുള്ളതിൽ ഏററം ദുർബലമാ
യ ഒരു ഭാഗമാകുന്നു. ഇതു ദൈവ
സ്മരണക്കു വിഘാതം വരുത്തുകയും

പ്രാൎത്ഥനാസമയങ്ങളിൽ ബോധപ്പൂൎവ്വം ഉളവാക്കുകയും ചെയ്യുന്നു. ശത്രു അവന്റെ തന്ത്രങ്ങളെ ഫലപ്രദമായി പ്രയോഗിക്കുന്നതും പ്രധാനമായി ഇവിടെത്തന്നെയാണ്. ആകയാൽ മിശിഹായുടെ ഭരണം ഏൎപ്പെടുത്തിക്കൊണ്ടു ഈ രാജ്യവിഭാഗത്തെ സംരക്ഷിക്കാം. മിശിഹാ ഭരിക്കുന്നതിന് നാമാഗ്രഹിക്കുന്നു എങ്കിൽ ഇതിന്റെ സ്വൈരവിഹാരത്തെ തടയുന്നതിനോടൊപ്പം അന്യചിന്തകൾക്കോ, പ്രലോഭനങ്ങൾക്കോ കാരണമായേക്കാവുന്ന എല്ലാ രൂപീകരണങ്ങളേയും പരിവൎജ്ജിക്കണം. അപ്രകാരംതന്നെ പീഡകളോ ഉപദ്രവങ്ങളോ സംഹിച്ചതിന്റെ ഭാവനകളേയും നമ്മുടെ ബോധത്തിൽ നിന്നു അകററിക്കളയണം. പുണ്യാഭ്യാസത്തിൽ വന്നുകൂടുന്ന വിഷമങ്ങളുടേയും വിരോധങ്ങളുടേയും രൂപങ്ങളും ബോധത്തിൽ പതിയുവാൻ സമ്മതിക്കരുത്. ഭാവ

നാശക്തിക്ക് വേണ്ടത്ര ശിക്ഷണം നൽകാതിരുന്നാൽ അതു നിരവധി പരീക്ഷകൾക്കും, പൈശാചിക തന്ത്രങ്ങൾക്കും കാരണമാകുമെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കരുത്.

എന്നാൽ ഇതിലും ഉപരിയായ ശ്രദ്ധയാണു നിർണ്ണായകബോധത്തിന്റെ കാര്യത്തിൽ നമുക്കുണ്ടാകേണ്ടത്. എന്തെന്നാൽ ബുദ്ധിയുടെ വിധി ഇതിനെ ആശ്രയിച്ചിരിക്കുന്നു. ഇതാകട്ടെ പലപ്പോഴും ജഡികതോന്നലുകൾക്കനുസരണം വർത്തിക്കുന്നു. ഏതൽക്കാരണത്താൽ സുബുദ്ധിക്കും വിശ്വാസസത്യങ്ങൾക്കും ദിവ്യരക്ഷകന്റെ പ്രബോധനങ്ങൾക്കും അനുയോജ്യമായ തത്വങ്ങൾക്കനുസരണമായി ഇതിനെ എല്ലായ്പോഴും തിരുത്തിക്കൊണ്ടിരിക്കണം. വഞ്ചനയ്ക്കധീനമായ ലോകം കാര്യമായി മതിക്കുന്ന സമ്പത്ത്, സുഖം, ബഹുമാനം തുടങ്ങിയ യാതൊന്നിനേയും കാര്യമായി കരുതാതിരിക്കുക. മറിച്ച്

ദൈവസമക്ഷം വിലയുള്ളതും ദൈവ മഹത്വത്തിനുപകരിക്കുന്നതും ഏതോ അതുമാത്രം കാര്യമായി കരുതുക. എന്നാൽ ലൌകിക നന്മകളെ നാം എങ്ങിനെ കരുതുന്നു? ലോകദൃഷ്ടിയിൽ ബഹുമാനവും ഔന്നത്യവും ആഗ്രഹിക്കുന്നില്ലേ? പ്രശംസായോഗ്യമായ പ്രവൃത്തികൾ ചെയ്യുന്നതിനു ബദ്ധപ്പെടുന്നില്ലേ? ന്യായാന്യായ വിവേചനത്തിൽ വഞ്ചിക്കപ്പെടാതെ സൂക്ഷിക്കുക.

## III

### മിശിഹായുടെ ഭരണം നമ്മുടെ സ്മൃതിപഥത്തിൽ.

മിശിഹാ നമ്മുടെ സ്മൃതിപഥത്തെ ഭരിക്കണമെങ്കിൽ അതിനെ തൻെറ ദിവ്യപഠനങ്ങളാലും തന്നെപ്പററിയുള്ള വിചാരംകൊണ്ടും നിറയ്ക്കണം. തൽസാദ്ധ്യാത്ഥം പുണ്യജീവിതത്തിനു ഹാനികരമായ എല്ലാ

വിചാരങ്ങളിൽനിന്നും നമ്മുടെ സ്മൃതിപഥത്തെ അകററിസൂക്ഷിക്കണം. അനന്തരം വ്യൎത്ഥവും നിരുപയോഗവുമായ വെറും ലൌകിക ചിന്തകൾക്കുപകരം, ദൈവസ്നേഹം നമ്മിൽ ഉജ്ജ്വലിപ്പിക്കുന്നതിന്നു പൎയ്യാപ്തമായ സച്ചിന്തകളാൽ അതിനെ നിറയ്ക്കണം. നമ്മുടെ ചിന്തകളെല്ലാം നമ്മുടെ രാജാവിനേയും, തൻെറ ജീവിതത്തേയും സംബന്ധിച്ചായിരിക്കുന്നതിന്നു നാം വളരെ ശ്രദ്ധിക്കണം. നിരന്തരമായ ദൈവസ്മരണയുടെ ഫലം അതുല്യമത്രെ. "നാം സദാ ദൈവസ്മരണയുള്ളവരായിരുന്നെങ്കിൽ അപൂൎവ്വമായിമാത്രമേ ദൈവത്തെ ദ്രോഹിക്കുമായിരുന്നുള്ളു" എന്നു തോമ്മാമല്പാൻ അഭിപ്രായപ്പെടുന്നു. ഇതുതന്നെയാണ് വിശുദ്ധ അമ്മത്രേസ്യായുടേയും അഭിമതം. വിശുദ്ധ പറയുന്നു "നമ്മുടെ കുററങ്ങളുടെ എല്ലാം കാരണം ദൈവം നമ്മോടുകൂടെയുണ്ടെന്നു വിചാരിക്കാതെ, താൻ

നമ്മിൽനിന്നും വളരെ അകന്നിരിക്കുന്നു എന്നു കരുതുന്നതാണു്." ദൈവസാന്നിദ്ധ്യസ്മരണ പുണ്യാഭ്യാസത്തിനു നമ്മെ ശക്തിയായി പ്രേരിപ്പിക്കുന്നു. രാജാവിൻെറ സാന്നിദ്ധ്യത്തിൽ ധീരതയോടെ സമരം ചെയ്യാത്ത ഭടന്മാരില്ലല്ലോ. ആകയാൽ മിശിഹാ നമ്മുടെ സ്മൃതിപഥത്തിൽ എപ്പോഴുമുണ്ടായിരിക്കട്ടെ. താൻ സത്യമായി നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. തന്നിൽ നാം ചലിക്കയും ജീവിക്കയും ചെയ്യുന്നു. ഈ പരമ സത്യങ്ങളെപ്പററി ചിന്തിക്കയോ, താൻ നമ്മുടെ പ്രവൃത്തികളെ സൂക്ഷിച്ചു വീക്ഷിക്കുന്നതായി രൂപീകരിക്കയോ ചെയ്യാം. അല്ലെങ്കിൽ തൻെറ ജീവിതത്തിലെ വിവിധ ഘട്ടങ്ങളെ ഓർത്തു് അവയ്ക്കനുസരണം തന്നെ നമുക്കു രൂപീകരിക്കാം. ഈ വിധത്തിലുള്ള ദൈവസാന്നിദ്ധ്യസ്മരണയാണു വി. അമ്മത്രേസ്യാ കാര്യമായി മതിക്കുന്നതു്.

## അദ്ധ്യായം ഏഴ്.

### മിശിഹായുടെ രാജ്യം നമ്മുടെ ശരീരത്തിലും ബാഹ്യേന്ദ്രിയങ്ങളിലും സ്ഥാപിതമാകണം.

1. "നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ വഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യിൻ" എന്നു് വി. പൌലോസു പറയുന്നതു് കേൾക്കുന്നതായി വിചാരിക്കുക.

2. നമ്മുടെ ശരീരത്തിലും ഇന്ദ്രിയങ്ങളിലും ഈശോയെ സംവഹിക്കുന്നതിനു് കൃപാവരം അപേക്ഷിക്കുക.

### I

### ഈശോ നമ്മുടെ ഇന്ദ്രിയങ്ങളിൽ ഭരണം നടത്തണം.

പരിപൂർണ്ണതാസമ്പാദനത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണു ഇന്ദ്രീയങ്ങൾക്കുള്ളതു്. ഇവ

വഴിയായിട്ടാണു ബുദ്ധിയും മനസ്സും ജ്ഞാനം സമ്പാദിക്കുന്നതു്. മിശിഹാ വസിക്കുന്ന ആന്തരിക ദുർഗ്ഗത്തിലേയ്ക്കുള്ള വാതായനങ്ങളാണവ. അതിനാൽ ഈ വാതിലുകളിലൂടെ ശത്രു അകത്തു പ്രവേശിക്കാതെ സൂക്ഷിക്കണം. വി: അമ്മത്രേസ്യാ പറയുന്നു "ഇന്ദ്രിയങ്ങൾ കോട്ടയിലെ നിവാസികളും, നീതിന്യായ പാലകരും ഭരണകർത്താക്കളും സംരക്ഷകരുമാണു്. എങ്കിലും അവർ നമ്മുടെ നാശത്തിനായി സ്വന്ത രാജാവിനെ ഉപേക്ഷിച്ചു് ശത്രുപക്ഷത്തിൽ ചേരുന്നതിനുപോലും മടിക്കാതിരിക്കത്തക്കവണ്ണം അത്ര അനിയന്ത്രിതരും അസ്ഥിരരുമാണു്." ആകയാൽ ഈ ഇന്ദ്രിയങ്ങളെ കർത്താവിൻെറ പ്രമാണങ്ങൾക്കു അധീനപ്പെടുത്തി സൂക്ഷിക്കണം. നമ്മുടെ അനുഭവവും ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ ഏകകണ്ഠമായ അഭിപ്രായവും ഉൽഘോഷിക്കുന്നതുപോലെ ഇന്ദ്രിയങ്ങളിൽ

പ്രമുഖമായതും ഏററം നാശഹേതു കമായതും നമ്മുടെ നയനങ്ങളാണ്. "എൻെറ കണ്ണു എൻെറ ആത്മാവിനെ കവൎന്നെടുത്തു" എന്നു ഏറ മൃദീഘ്ദൎശി വിലപിക്കുന്നു. സൂക്ഷ്മ പരിശോധനയാൽ, സകല തിന്മകളും ക്രമക്കേടുകളും കണ്ണുകൾ വഴിയായി സംഭവിക്കുന്നു എന്നു നിഷ്പ്രയാസം നമുക്കു മനസ്സിലാക്കാം. ആകയാൽ ഈ ദൃഷ്യങ്ങളെ ഉന്മൂലനം ചെയ്യുന്നതിനായി മിശിഹായുടെ രാജ്യം നമ്മുടെ കണ്ണുകളിൽ സ്ഥാപിച്ച് താൻതന്നെ അവയുടെ ഉപയോഗത്തെ ക്രമപ്പെടുത്തി ഭരിക്കുന്നതിനു നമുക്കു പ്രാൎത്ഥിക്കാം.

ഈശോയുടെ കണ്ണുകളിൽ ക്രുടി നാം കാണണം. അഥവാ ഈശോ നമ്മുടെ കണ്ണുകളിൽക്രുടി നോക്കണം. അവ, തൻെറ തൃക്കരങ്ങളിൽ വിധേയത്വമുള്ള ഉപകരണങ്ങളായിരിക്കണം. തൻെറ പരിപാവന ചിത്തത്തിനും ആനന്ദത്തിനും യോജി

ച്ച വിധത്തിൽ മാത്രമെ നമ്മുടെ കണ്ണുകളെ നാം ഉപയോഗിക്കാവൂ. എന്നാൽ അവയെ നാം എങ്ങിനെ ഉപയോഗിച്ചുവരുന്നു എന്നു പരിശോധിക്കുക. നമ്മുടെ ദിവ്യരാജൻെറ അനുശാസനങ്ങൾക്കു അവ സദാ കീഴ്പെട്ടിരിക്കുന്നുവോ? അവ വഴിയായി ശത്രു നമ്മുടെ ഉള്ളിൽ പ്രവേശിക്കുന്നതിനു നാം അനുവദിക്കുന്നുണ്ടോ? "മായകളെ ദശിക്കാതിരിക്കാൻ എൻെറ കണ്ണുകളെ നീ തിരിക്കണമെ" എന്നു രാജദീഘദശിയോടുകൂടെ നമുക്കും പ്രാത്ഥിക്കാം. ലോകം ആപൽക്കരമായ കാഴ്ചകളാൽ നിബിഡമായിരിക്കകൊണ്ടു് എല്ലായ്പ്പോഴും നമ്മുടെ കണ്ണുകളെ അടക്കമായി താഴ്ത്തി നടക്കണം. വി. ഗ്രിഗോരിയോസു പറയുന്നു "കണ്ണുകൾ താഴ്ത്തപ്പെടണം. ശരീരത്തിൻെറ ജനലുകളിൽകൂടി അലക്ഷ്യമായി ബാഹ്യവസ്തുക്കളെ സൂക്ഷിക്കുന്നവരെല്ലാം, മനസ്സില്ലാ

തെയെങ്കിലും ക്രൂടെക്കൂടെ പാപ ത്തിൽ നിപതിക്കയും, ദുരാശക ളാൽ പ്രേരിതരായി തങ്ങഠം ദ്വേ ഷിച്ചിരുന്നവയെ അന്വേഷിക്കയും ചെയ്യും.

## II

### നമ്മുടെ ശ്രവണേന്ദ്രിയങ്ങളിൽ മിശിഹാ ഭരണം നടത്തണം.

ചെവികഠംവഴിയായും ശത്രു ന മ്മുടെ ആത്മാവിൽ പ്രവേശിക്കുന്നു. ദൈവശുശ്രൂഷയിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന സംഭാഷണ ങ്ങഠംക്കു അവ അടയ്ക്കപ്പെടണം. എ ന്തെന്നാൽ ലോകത്തിലെവിടെയും ഉതപ്പിനുള്ള കാരണങ്ങഠം വളരെയു ണ്ടു്. തങ്ങളുടെ അറിവും സാമൎത്ഥ്യ വുംകൊണ്ടു മററുള്ളവരുടെ സ്നേഹാ ദരങ്ങഠംക്കു പാത്രീഭവിച്ചവരും, എ ന്നാൽ ജീവിത വിശുദ്ധി തീരെയി ല്ലാത്തവരുമായ ചില നാമമാത്ര ക്രി

സ്ത്രീകളെ കണ്ടുമുട്ടുക അസാധാരണമല്ല. ഇവരുമായി ഇടപെടുമ്പോൾ നാം വളരെ കരുതലോടെ വർത്തിക്കണം. അല്ലാത്തപക്ഷം അവരുടെ വശീകരണനിപുണമായ സംസാരം ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് നമ്മെ അകററും. നിയമാനുസരണത്തിൽനിന്നും സുകൃതാനുഷ്ഠാനങ്ങളിൽനിന്നും അതു നമ്മെ വ്യതിചലിപ്പിക്കും. അവകാശവാദമെന്നാ ന്യായേന പരദൂഷണത്തിനും കുററംപറച്ചലിനും അതു നമ്മെ പ്രേരിപ്പിക്കും. ആകയാൽ വിഹിതമല്ലാത്ത ഒററവാക്കുപോലും ശ്രവിക്കാതിരിക്കാൻ നാം സദാ ജാഗരൂകരായിരിക്കണം. മറിച്ചു ചെയ്താൽ ദൂഷണക്കാരുടെ ദുസ്സഹക്കങ്ങളെ തുടൎന്നുകൊണ്ടുപോകുന്നതിനു നാം അവരെ സഹായിക്കുകയാണെന്നുള്ള വസ്തുതയും നാം ഒരിക്കലും വിസ്മരിക്കരുതു്. ദുഷ്ടസ്ത്രീകളുടെ മുഖസ്തുതി ശ്രവിച്ചതിനാൽ ജ്ഞാനിയായ ശ്ലേ

മോൻ വിഗ്രഹാരാധനയ്ക്കു പോലും വഴിപ്പെട്ടു. ഏഷണി, കുററംപറച്ചിൽ, പിറുപിറുപ്പ് എന്നിവയിൽനിന്നു മാത്രമല്ല പ്രയോജനരഹിതമായ സംസാരങ്ങളിൽനിന്നുകൂടെയും പിന്മാറി നമ്മുടെ ശ്രവണേന്ദ്രിയത്തെ ഭദ്രമായി സൂക്ഷിക്കണം. എന്നാൽ വിശുദ്ധ സംഭാഷണങ്ങളെയും ദൈവൈക്യത്തിനു സഹായകങ്ങളായ സകലത്തെയും സസന്തോഷം ശ്രവിച്ചുകൊള്ളുക.

നമ്മുടെ ഘ്രാണേന്ദ്രിയത്തിലും കത്താവു ഭരണം നടത്തട്ടെ. ഇന്ദ്രിയങ്ങളിൽ ഏററം നിരുപദ്രവിയെങ്കിലും ഇതും നമ്മുടെ രാജാവിൻെറ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടണം.

രസനേന്ദ്രിയം ഭക്ഷണപാനീയങ്ങളിൽ അമിതമായ സന്തോഷം അന്വേഷിക്കുന്നു. നമ്മുടെ രാജാവിനെ ശരിയായി പഠിച്ചറിയുകയും നമ്മെ മുഴുവനായി തനിക്കു അധീനപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ

ശാരീരികാവശ്യങ്ങളുടെ നിർവ്വഹണത്തിൽ വി. അമ്മത്രേസ്യായെപ്പോലെ നാമും നിലവിളിക്കുമായിരുന്നു. "കുരിശിനെ എന്നപോലെ മേശയേയും, മേശയെ എന്നപോലെ കുരിശിനെയും സമീപിക്കട്ടെ." എന്നാണ് സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ത്രിതപത്തിൻെറ ഫീലിപ്പോസ് എന്ന ദേഹം പറയുന്നത്.

അപ്രകാരംതന്നെ നമ്മുടെ സ്വശ്നേന്ദ്രിയത്തെയും സസൂക്ഷ്മം നമുക്കു നിയന്ത്രിക്കാം. അതിൻെറ നാശകരപ്രലോഭനങ്ങൾക്ക് ഒരിക്കലും വഴിപ്പെടരുത്. "എന്തെന്നാൽ ജഡത്തിൻെറ ചിന്ത ദൈവത്തിനു എതിരായ ശത്രുതയാകുന്നു."

(റോമ്മാ VIII. 7.)

## III

### നമ്മുടെ ശരീരത്തിൽ മിശിഹാ ഭരിക്കണം.

നമ്മുടെ ശരീരം കർത്താവിൻെറതാകുന്നു. അതിനാൽ അവിടെ ഭരണം നടത്തുവാൻ തനിക്കു അവകാശമുണ്ട്. മനുഷ്യനായ ദൈവവചനം സ്വന്തരക്തത്താൽ നമ്മുടെ ആത്മാവിനെ മാത്രമല്ല, ശരീരത്തെയും പിശാചിൻെറ ദാസ്യത്തിൽ നിന്നും വിമുക്തമാക്കി. ഇതിലും ഉപരിയായി തൻെറ വാസത്തിനനുയോജ്യമായ മണിമേടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും താനാഗ്രഹിക്കുന്നു. താൻ പറയുന്നു:- "എൻെറ സന്തോഷം മനുഷ്യമക്കളോടു കൂടിയിരിക്കുന്നതാകുന്നു" "അതെ നിങ്ങൾ ദൈവത്തിൻെറ ആലയങ്ങളായിരിക്കുന്നു."

നമ്മുടെ ശരീരം നമ്മുടെ രാജാവി

ന്ന് ഏററം പ്രിയപ്പെട്ട ആനന്ദസദനങ്ങളാകുന്നു. പൂജാസമപ്പ്ണത്തിനുള്ള നമ്മുടെ സ്വസ്നേഹത്തെ അനുനിമിഷം ഹോമിക്കുന്നതിനുള്ള പീഠങ്ങളാണ് അവ. മഹാശാസ്ത്രീയായ ഓരിജൻെറ പിതാവ് ഉറങ്ങിക്കിടന്നിരുന്ന സ്വപുത്രനിൽ ദൈവത്തെ ദശ്ിച്ചുകൊണ്ട് പുത്രൻെറ വക്ഷസ്സിൽ ചുംബിച്ചപ്പോഠം അയാഠംക്കുണ്ടായ വികാരങ്ങളാണ് നമ്മുടെ ശരീരദശ്ത്തിൽ നമുക്കും ഉണ്ടാകേണ്ടതു്.

നാം നമ്മുടെ ശരീരത്തിൽ ദൈവത്തെ വഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നുണ്ടോ? അതിനുള്ളിൽ വസിക്കൊള്ളുന്ന പരമരാജൻെറ അനന്തപരിശുദ്ധിയും വിനയവും ഈ രാജസദനത്തിൽ പരിലസിക്കുന്നുണ്ടോ. അതിൻെറ ചലനവും, ചേഷ്ടകളും അതിൽ നിവസിക്കുന്ന പരമരാജൻെറ മഹിമയെ പ്രദ്യോതിപ്പിക്കുന്നുണ്ടോ? ചുരു

ക്കത്തിൽ ദർശനമാത്രയിൽ പ്രേക്ഷകരെ സ്വൎഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ മഹത്വപ്പെടുത്തുന്നതിന്ന പ്രേരിപ്പിക്കത്തക്കവണ്ണംഅതിൻെറ വിനയം മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ?

പരിശുദ്ധ കന്യകയുടെ മുഖദൎശനം കാണികളെ ഉജ്വലമായ ദൈവസ്നേഹത്താൽ പൂരിപ്പിക്കുന്നതിന്ന പൎയ്യാപ്തമായിരുന്നെന്നും വിശുദ്ധരായ ളൂയീസ് ഗൊൺസാഗയുടേയും, യോഹന്നാൻ ബൎക്കുമാൻസിൻെറയും സഹവാസം അന്യരെ ആത്മവിശുദ്ധിയിലേക്കാകൎഷിച്ചിരുന്നെന്നും അവരുടെ ജീവചരിത്രകൎത്താക്കൾ സാക്ഷിക്കുന്നു. ഇപ്രകാരമുള്ള ഒരു സ്വാധീനശക്തി മററുള്ളവരുടെമേൽ ഉണ്ടായിരിക്കുന്നതു് എത്ര പ്രശംസാൎഹം. ഈ ശക്തി നമുക്കും സ്വാധീനമാക്കാം. അതിന്ന നാം പരിപൂൎണ്ണ വിശുദ്ധിയും, വിനയവും ഉള്ളവരായിരിക്കണം. സ്വൎന്നേന്ദ്രിയത്തി

ന്മേൽ പ്രത്യേക സൂക്ഷ്മം നമുക്കു ഉണ്ടായിരിക്കണം. നമ്മുടെ രാജാവു് പീഡകഠം സഹിക്കുമ്പോഠം, സുഖഭോഗങ്ങഠം അന്വേഷിക്കത്തക്കവണ്ണം കഠിന ഹൃദയരോ നാം? മുഠം മുടി ധരിപ്പിക്കപ്പെട്ട ശിരസ്സിനു ഭോഗേച്ഛുക്കളായ അവയവങ്ങഠം ഒട്ടും അനുയോജ്യമല്ലതന്നെ. ശാരീരിക പീഡകളാൽ നമ്മുടെ രാജാവിനോടു അനുരൂപപ്പെടുന്ന രീതിയിലായിരിക്കട്ടെ നമ്മുടെ മഹത്വം. അപ്പോഠം സ്വർഗ്ഗപാഥയായി പീഡകളെയും കുരിശുകളെയും നമുക്കു കാണിച്ചു തരുന്ന രാജാവിന്റെ യഥാർത്ഥ പ്രജകഠം നമ്മുടെ ശരീരങ്ങളായിതീരും.

എന്റെ അമ്മേ, നിന്റെ പഞ്ചേന്ദ്രിയങ്ങളെ വിശിഷ്യ, ശ്രവണേന്ദ്രിയത്തെ നീ എത്ര ഭദ്രമായി കാത്തു സൂക്ഷിച്ചു എന്നു് ഞാൻ അറിയുന്നു. അതു് ദൈവാനുഗ്രഹങ്ങളെ നിന്റെ മേൽ ധാരാളമായി വ

ഷിക്കുന്നതിന് കാരണമാകുകയും ചെയ്യുവല്ലൊ. സ്നേഹമാതാവേ, ഇ ക്കാൎയ്യത്തിൽ പൂൎണ്ണമായി അങ്ങെ അനുകരിക്കുന്നതിന് ഞാൻ അതീ വ ആഗ്രഹിക്കുന്നു. എന്നാൽ എ ന്റെ ബലഹീനത നീ അറിയുന്നതി നാൽ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് "നീതിയിലും സത്യമായ വിശുദ്ധിയിലും ദൈവത്തിനനുയോ ജ്യമായി സൃഷ്ടിക്കപ്പെട്ട പുതിയ മ നുഷ്യനെ" ധരിക്കുവാൻ എന്നെ സ ഹായിക്കണമെ. ഇതിനു വേണ്ട അ നുഗ്രഹം നിന്റെ ദിവ്യ സുതനിൽ നിന്നും വാങ്ങിത്തരണമെ.

ആമ്മേൻ.



## അദ്ധ്യായം എട്ട്.

### മിശിഹായുടെ ഭരണം നമ്മുടെ അധരങ്ങളിൽ സ്ഥാപിതമാകണം.

1. യൂദന്മാരുടെ ന്യായാസനത്തിങ്കൽ വിനീതനായി ദൃഷ്ടികൾ താഴ്ത്തി നിലകൊള്ളുന്ന മിശിഹായെ കാണുന്നതായി സങ്കല്പിക്കുക.

2. മിശിഹായുടെ മാതൃകയനുസരിച്ചു നമ്മുടെ നാവിനെ നിയന്ത്രിക്കുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

## I

### മിശിഹാ നമ്മുടെ അധരങ്ങളിൽ ഭരണം നടത്തണം.

"നാവിനെ പൂർണ്ണമായി കീഴടക്കുവാൻ ഒരുവനും സാധിക്കയില്ല. അത് അമർത്തപ്പെടാൻ വിഷമമുള്ള ഒരു തിന്മയാകുന്നു. മരണകരമായ വി

ഷം നിറഞ്ഞതുമാകുന്നു." എന്നു വി. യാക്കോബ് ശ്ലീഹാ പറയുന്നു. "വാക്കാൽ പിഴയ്ക്കാത്തവൻ പരിപൂൎണ്ണനാകുന്നു. നാവ് തീയാകുന്നു. അത് പാപമയമായ ഒന്നാണ്. നാവിനെ നിയന്ത്രിച്ച്, മിശിഹായുടെ മഹത്വം വൎദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നില്ലെങ്കിൽ — മിശിഹായ്ക്കു അധീനപ്പെടുത്തുന്നില്ലായെങ്കിൽ —സന്യാസസഭാപ്രവേശനം, വ്രതവാഗ്ദാനം ഇവപോലും പ്രയോജനരഹിതമാണ്. എന്തെന്നാൽ "ദൈവത്തിനു ശുശ്രൂഷചെയ്യുന്നു എന്നു വിചാരിക്കയും എന്നാൽ തന്റെ നാവിനെ നിയന്ത്രിക്കാതിരിക്കയും ചെയ്യുന്ന ഒരുവൻ സ്വയം വഞ്ചിക്കപ്പെടുന്നു." എന്ന് വി. യാക്കോബ് ശ്ലീഹാ തുടൎന്നു പറയുന്നു. നമ്മുടെ സ്നേഹരാജാവിന്റെ നിയമാനുസരണം നമ്മുടെ സംസാരം ക്രമപ്പെടുത്തുന്നില്ലെങ്കിൽ നാം തന്റെ വിശ്വസ്ഥ ഭടന്മാരും, ശുശ്രൂഷികളും അ

ല്ല. പ്രത്യുത, രാജദ്രോഹികളും ശത്രുക്കളുമാണ്. നാവിൻെറ ദുരുപയോഗംമൂലം രാജദ്രോഹികളായി ശത്രുപക്ഷത്തുചേൎന്ന് മിശിഹായുടെ സ്നേഹഭാജനങ്ങളായ ആത്മാക്കളെ തന്നിൽനിന്നകററുന്നത് എത്ര പരിതാപകരം! ഇങ്ങനെയുള്ളവരെക്കുറിച്ചാണ് "ഇടൎച്ചകൾ ആരുമൂലം വരുന്നുവോ അവനു ശാപം." എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നത്. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടൎച്ചവരുത്തുന്നവൻ ആരോ അവൻെറ കഴുത്തിൽ തിരികല്ലു കെട്ടിത്തൂക്കി, സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നത് അവനു നല്ലതാകുന്നു."

നമ്മുടെ അധരങ്ങൾ മിശിഹായുടെ അധീനത്തിലല്ലെങ്കിൽ അതു പിടിച്ചടക്കുവാൻ തന്നോട് നമുക്കു പ്രാൎത്ഥിക്കാം. മിശിഹായുടെ ഭരണം അതിൽ സ്ഥാപിതമാകട്ടെ. വിനീതനായ ഈശോയെ! എൻെറ അധരങ്ങ

ളിലും, നാവിലും അങ്ങ് വിജയിയായി വാഴുക. അങ്ങേ വിശ്വസ്ത പ്രജയ്ക്കു ഉചിതമല്ലാത്ത ഒററ വാക്കു പോലും എന്റെ അധരങ്ങളിൽനിന്ന് പുറപ്പെടാതിരിക്കട്ടെ. വിശുദ്ധിതന്നെയായിരിക്കുന്ന നിന്നിൽ കുററമാരോപിച്ച യൂദന്മാരുടെമദ്ധ്യേ വിനീതനായി നിന്ന എന്റെ ദിവ്യരാജനെ, അങ്ങേ ദിവ്യമാതൃക എന്റെ ദൃഷ്ടിപഥത്തിൽ എപ്പോഴും ഉണ്ടായിരിക്കുവാൻ അനുഗ്രഹിക്കണമെ. നിന്നെ അനുകരിക്കുവാൻ എനിക്കു് ശക്തിനൽകണമെ.

## II

നമ്മുടെ സംസാരം അർത്ഥശൂന്യവും, പ്രവൃത്തികൾ ബാലിശങ്ങളും ആകരുതു്. ജീവിതസ്ഥിതിയ്ക്കുനുയോജ്യമായ ഒരു ഔന്നാത്യം അവയിൽ പ്രത്യക്ഷപ്പെടണം. അന്യരുമായുള്ള നമ്മുടെ ഇടപാടുകൾ ഉപചാ

രപൂർണ്ണവും, ബഹുമാനദ്ദ്യോതകവും ആയിരിക്കണം. സ്ഥാനത്തും അസ്ഥാനത്തും എതിർവാക്ക് പറയുന്ന സ്വഭാവം ഹൃദയവേദന ഉളവാക്കുന്നതും തൻമൂലം സാമൂഹ്യജീവിതത്തിൻെറ മധുരഫലങ്ങൾ നഷ്ടപ്പെടുത്തുന്നതുമാണ്.

നമ്മുടെ പ്രവൃത്തികൾ വിമർശിക്കപ്പെടുമ്പോൾ നീരസം പ്രദർശിപ്പിക്കയും സ്വയം നീതീകരിക്കാൻ ശ്രമിക്കയും ചെയ്യുന്നത് പലപ്പോഴും എളിമയില്ലാത്തതുകൊണ്ടാകുന്നു. വികാരതരളിതമായ ഒരു ഹൃദയത്തിൽ ഉണ്ടാകുന്ന വിചാരങ്ങൾ അതേപടി പുറത്തുവരുവാൻ അനുവദിക്കുന്നത് നിയന്ത്രണശക്തിയുടെ അഭാവംകൊണ്ടാണ്.

"ആരോടെങ്കിലുമുള്ള പ്രത്യേക മമതയും, ഹൃദയരഹസ്യങ്ങൾപോലും വെളിപ്പെടുത്തുന്ന തുടരെത്തുടരെയുള്ള സംഭാഷണവും ക്രമേണ പരദൂഷണം, ആവലാധി, പരിഹാ

സം, ക്രമലംഘനം, സമയനഷ്ടം ഇവയ്ക്ക് കാരണമാകാതിരിക്കയില്ല," എന്ന് ഫാദർ ലലമൻറ് പറയുന്നു. ഇങ്ങനെ ഒരാളെമാത്രം ഹൃദയത്തിൽ വച്ച് പൂജിക്കുന്ന ഒരുപവിയല്ല നമുക്കുണ്ടാകേണ്ടതു്. നമ്മുടെ സ്നേഹം സവ്വവ്യാപകമായിരിക്കണം. സ്വഭാവവൈകല്യങ്ങളെ അവഗണിച്ച്, പ്രത്യേകതകൂടാതെ എല്ലാവരോടും സൌഹാദ്ദമായി സംസാരിക്കണം. ഹൃദയസംയോജ്യതയും, സ്വഭാവസാധമ്മ്യവും ഉള്ളവരോട് കൂടുതൽ സംസാരിക്കുന്നതിനും, ഇഷ്ടമില്ലാത്തവരിൽനിന്ന് ഓടിഒളിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നതു് യഥാത്ഥ ഉപവിയല്ല.

നമ്മുടെ സംസാരം വിനീതവും, മാധുൎയ്യപൂണ്ണവുമായിരിക്കണം. ഉപചാരവും പരസ്പരബഹുമാനവും അതിൽ ആവശ്യമാണെങ്കിലും അവ, ആത്മാത്ഥതയെ നശിപ്പിക്കുന്നതിന് കാരണമാകരുതു്. വിനോദപ്രദ

ങ്ങളായ സംസാരങ്ങളിൽപോലും, ജീവിതസ്ഥിതിയ്ക്കു നയോജ്യമായ ഗൗരവം പാലിക്കണം. വിദൂഷകന്മാർ കാണിക്കുന്ന നാട്യങ്ങളും, ആംഗ്യങ്ങളും ഒരു യഥാൎത്ഥ ദൈവശുശ്രൂഷിയുടെ സംസാരത്തിനു ഭംഗി നൽകുന്നില്ല.

സംസാരത്തിൻെറ ദൂഷ്യഫലങ്ങൾ തടയുന്നതിനുള്ള ഒരു മാൎഗ്ഗം സംസാരം ചുരുക്കുകയാകുന്നു. ഇതേപ്പററി വി. ഫ്രാൻസീസ് സാലസ് ഇങ്ങനെ അഭിപ്രായപ്പെടുന്നു. "കുറച്ചുമാത്രം സംസാരിക്കുക എന്നതു ആധ്യാത്മികശാസ്ത്രികളാൽ പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. അതു് അധികം സംസാരിക്കാതിരിക്കുന്നതിലല്ല, ഉപയോഗശൂന്യമായ ഒരു വാക്കുപോലും പറയാതിരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതു്. എത്രമാത്രം സംസാരിച്ചു എന്നല്ല, എങ്ങനെ സംസാരിച്ചു എന്നാണ് ആലോചിക്കേണ്ടതു്. നാം സംസാരത്തിൽ അതി

രുകവിഞ്ഞ ആസക്തിയോ, ആശാ സ്യമല്ലാത്ത വിമുഖതയോ പ്രദശി പ്പിക്കരുത്. അന്യക്ക് അവരുടെ ആ ശയങ്ങൾ വെളിപ്പെടുത്തുവാൻ സമ യവും സൗകര്യവും കൊടുക്കാതെ എ പ്പോഴും നാംതന്നെ സംസാരിക്കുന്നെ ങ്കിൽ അതു നമ്മുടെ സങ്കുചിതമന സ്ഥിതിയെയാണ് വെളിപ്പെടുത്തു ന്നത്. എന്നാൽ വിരസതയോടുകൂ ടി സംസാരത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കുന്നെങ്കിൽ അത് ചിലപ്പോൾ പരസ്പരവിശ്വാസത്തെയായിരിക്കും പ്രത്യക്ഷമാക്കുന്നത്.

## III

ഹൃദയപൂർണ്ണതയിൽനിന്ന് അധ രങ്ങൾ സംസാരിക്കുന്നു. ആന്തരിക ജീവിതാവസ്ഥയുടെ പ്രതിഫലനമാ ണ് നമ്മുടെ സംസാരം. ദൈവത്താ ൽ നിറയപ്പെട്ട ഒരു ഹൃദയത്തിൽ നിന്ന് ദൈവീകകാര്യങ്ങൾ വഴി

ഞ്ഞൊഴുകാതിരിക്കയില്ല. ഇപ്രകാര
മുള്ള ഒരു ഹൃദയത്തിൽനിന്ന് പുറ
പ്പെടുന്ന സംഭാഷണം പ്രകൃത്യതീ
തമായ ചൈതന്യവും, മാധുര്യവും ഉ
ള്ളതായിരിക്കും. ഏവരേയും ദൈവ
ത്തിലേയ്ക്കു ആകർഷിക്കത്തക്ക ഒരദൃ
ശ്യശക്തിയും അതിനുണ്ട്. താദൃശ
മായ ഒരു ഹൃദയത്തിന് ഭൗമിക കാ
ര്യങ്ങൾ അരുചികരവും, അരോച
കവുമായി ഭവിക്കുന്നു. ദിവ്യനാഥനി
ലല്ലാതെ, മററൊന്നിലും അത് ആ
സ്വാദ്യത കണ്ടെത്തുന്നില്ല. ഈശോ
എന്ന മാധുര്യനാമത്തോടു ബന്ധമി
ല്ലാത്ത യാതൊന്നിലും അത് തൃപ്തി
യടയുന്നില്ല.

വി. അമ്മത്രേസ്യാ തൻെറ സ
ഹോദരികളോട് ഉപദേശിക്കുന്നത്
ഇപ്രകാരമാണ്. "ആരെങ്കിലും ആ
ത്മീക കാര്യങ്ങളെക്കുറിച്ച് സംസാ
രിക്കുമ്പോൾ ശ്രദ്ധാപൂർവ്വം ശ്രവിക്കു
ക. നിങ്ങളുടെ സംസാരത്തിൽ ആ
ദ്ധ്യാത്മിക കാര്യങ്ങൾക്ക് ഒരു നല്ല

സ്ഥാനമുണ്ടായിരിക്കട്ടെ. ഇങ്ങനെയായാൽ വ്യത്ഥഭാഷണം, പരദൂഷണം മുതലായവയിൽനിന്നും ഒഴിയുവാൻ സാധിക്കും?

സംസാര നിയന്ത്രണത്തെപ്പററി ദിവ്യരക്ഷകൻ സിസ്റ്റർ ബനീഞ്ഞായോട്ട് അരുളിച്ചെയ്തത് ശ്രവിച്ചാലും. മകളെ മാധുര്യംനിറഞ്ഞ ദൈവസ്വരം ശ്രവിക്കുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ മൗനമായിരിക്കുക. സ്വയം നീതീകരിക്കുവാൻ നീ പ്രേരിതയാകുമ്പോൾ മൗനം നിന്റെ അധരങ്ങളെ ഭരിക്കട്ടെ. ആത്മപ്രശംസാപരമായി സംസാരിക്കുന്നതിന് ഉള്ള ആഗ്രഹവും, പ്രശസ്തി നേടുവാനുള്ള അവസരവും ഉണ്ടാകുമ്പോൾ മൗനത്തിൽ അഭയം തേടുക. ആജ്ഞാപിക്കപ്പെടുമ്പോൾ മൗനമായി അനുസരിക്കുക. എന്റെ മൗനം എന്നും നിനക്ക് മാതൃകയായിരിക്കട്ടെ. അതു നിനക്ക് ആന്തരികശക്തി പ്രദാനം ചെയ്യട്ടെ.

## അദ്ധ്യായം ഒമ്പതു്.

### അന്യരുമായുള്ള നമ്മുടെ സംസർഗ്ഗം മിശിഹായാൽ ഭരിയ്ക്കപ്പെടണം.

1. തൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നതിൽ ഉത്സുകനായി, സത്യത്തെ സാക്ഷീകരിച്ചുകൊണ്ടും സദാ നന്മ ചെയ്തുകൊണ്ടും പലസ്തീനായിലെ തെരുവീഥികളിൽക്കൂടി കടന്നുപോകുന്ന ശാന്തശീലനും വിനീതഹൃദയനുമായ നമ്മുടെ രാജാവിനെ ആത്മീയനേത്രങ്ങളാൽ വീക്ഷിക്കുക.

2. സ്നേഹനാഥാ! ഞങ്ങളുടെ അന്യോന്യമുള്ള പ്രവൃത്തികളും വാക്കുകളും ഞങ്ങളുടെ നിസ്സാരങ്ങളായ ചലനങ്ങൾക്കൂടെയും അങ്ങേ പരിശുദ്ധാദർശങ്ങളാൽ നിയന്ത്രിക്കപ്പെടുവാൻ വേണ്ട വരപ്രസാദം ധാരാളമായി ഞങ്ങളുടെമേൽ വർഷിക്കണമെ.

## I

### അധികാരികളുമായുള്ള നമ്മുടെ സംസർഗ്ഗം മിശിഹായാൽ ഭരിക്കപ്പെടണം.

"പിതാവിനു പ്രസാദിക്കുന്നതു് ഞാൻ എപ്പോഴും ചെയ്യുന്നു."

(യോ. VIII. 29.)

നമ്മുടെ ദിവ്യരക്ഷകൻെറ ഈ വാക്കുകൾ തൻെറ ജീവിതത്തെ സംക്ഷേപമായി നമ്മെ ഗ്രഹിപ്പിക്കുന്നു. പിതാവിനെ പ്രസാദിപ്പിക്കുന്നതിനു സദാ പരിശ്രമിക്കുന്നതിനായിട്ടു് മാത്രമാണു് മിശിഹാ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി വന്നതു്. "പിതാവിൻെറ തിരുമനസ്സു നിറവേററുന്നതത്രെ എൻെറ ഭക്ഷണം" എന്നു താൻ അരുളിച്ചെയ്തിരിക്കുന്നു. തൻെറ സൃഷ്ടികളായ മറിയത്തിനും, യൗസേപ്പിനും കീഴ് വഴങ്ങിക്കൊണ്ടു അവിടുന്നു 30 കൊല്ലം നസ്രസ്സിൽ

ജീവിച്ചു. തൻെറ സൃഷ്ടികളുടെ ഹിതാനുസരണം വർത്തിക്കുന്നതിന് സദാ പരിശ്രമിക്കുന്ന ദൈവസുതനെ കണ്ടാലും. നിർബ്ബന്ധത്താലൊ, ഭയംകൊണ്ടൊ അല്ല താൻ അവൎക്ക് കീഴ്വഴങ്ങിയത്. അവർ തൻെറ കരങ്ങളുടെ പ്രവൃത്തി ആയിരുന്നു.

പിതാവു തൻെറ പ്രതിനിധികളായി അവരെ നിയമിച്ചിരുന്നതിനാൽ ദൈവസുതൻ സ്വയം താഴ്ത്തി സ്വപിതാവിനെയെന്നപോലെ തൻെറ സൃഷ്ടികളെ പ്രസാദിപ്പിക്കുന്നതിന് അഹോരാത്രം പരിശ്രമിച്ചു. ഗദ്സെമിനിയിൽ വെച്ചു പിതാവ് തനിക്കു നൽകിയ കാസായുടെ കാഴ്ചയിൽ ഈശോയുടെ ധീര ഹൃദയം തളൎന്നുപോയി എങ്കിലും "പിതാവെ, എൻെറ ഇഷ്ടമല്ല, നിൻെറതു നിറവേറട്ടെ" (മാൎക്ക XIV, 36.) എന്നത്രെ അവിടുന്നു അപേക്ഷിച്ചത്. അന്ത്യനിമിഷംവരെ പിതാവിൻെറ തിരുചിത്തം താൻ അന്വേ

ഷിച്ചു. അതു് നിറവേററുന്നതിനാ
യി മനുഷ്യകീടങ്ങളുടെ കല്പനകൾ
പോലും മൗനമായി താൻ അനുവ
ത്തിച്ചു. മാത്രമല്ല, മരണത്തോളം
അതെ കരിശുമരണത്തോളം താൻ
കീഴ്‌വഴങ്ങി. അതെ, പിതാവിനു്
പ്രസാദിച്ചതു് എപ്പോഴും താൻ
ചെയ്തു.

ഇപ്രകാരമുള്ള ഒരു അരൂപിയാ
ലാണൊ നാമും നയിക്കപ്പെടുന്നതു്?
ദൈവത്തിൻെറയും തൻെറ പ്രതി
നിധികളുടെയും ഇഷ്ടം എപ്പോഴും
നിറവേററുന്നു എന്നു് യഥാത്ഥമാ
യി പറയുവാൻ നമുക്കു കഴിയുമോ?
നമ്മുടെ അധികാരികളിൽ ദൈവ
ത്തെ നാം ദശിക്കുന്നുണ്ടോ? സ്വഗ്ഗീ
യപിതാവിനോടെന്നപോലെ അവ
രോടും നാം വത്തിക്കുന്നുണ്ടോ? അ
ഥവാ അവരെക്കുറിച്ചു ആവലാധി
പ്പെടുകയും, പിറുപിറുക്കുകയും ചെ
യ്യുന്നുണ്ടോ? പിറുപിറുപ്പു് അടിമ
കൾക്കടുത്ത മനഃസ്ഥിതിയെയത്രെ

വിളിച്ചറിയിക്കുന്നതു്. അതു ദൈവമക്കൾക്കു് ഒട്ടും യോജിച്ചതല്ല. ഈശോയെപ്പോലെ അധികാരികളിൽ ദൈവത്തെ നാം ദർശിക്കുന്നുവെങ്കിൽ നിശ്ചയമായും നാം അവരെ പിതൃതുല്യം സ്നേഹിക്കയും കഠിന ത്യാഗങ്ങൾ സഹിച്ചു അവരുടെ ഇഷ്ടം നിറവേററുകയും ചെയ്യും. "ശ്രേഷ്ഠരോടുള്ള മനഃസംയോജ്യത സ്വർഗ്ഗത്തിലേക്കുള്ള 'പാസ്പോർട്ട്' ആണ്" എന്നു ഈശോ സി: ബനീഞ്ഞായോടു അരുളിച്ചെയ്കയുണ്ടായി. എന്നാൽ സ്വകാര്യലാഭത്തിനായി അധികാരികളെ സംപ്രീതരാക്കുവാൻ യത്നിക്കുന്നവർക്കു് ദുരിതം. കാരണം, അവർ ദാസ്യമനസ്ഥിതിയാലല്ലാതെ, വിശ്വാസാരൂപിയാലല്ല നയിക്കപ്പെടുന്നതു്. വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക അസാദ്ധ്യമാണു്. നമ്മെ ദ്വേഷിക്കയും നമ്മോടു കഠിനമായി വർത്തിക്കയും ചെയ്യുന്ന അധികാരിക

ളെ വിശ്വാസത്തിന്റെ അരൂപിയിൽ വീക്ഷിച്ചു് അവരുടെ ഇഷ്ടം നിറവേററുന്നതിന്നു നാം യത്നിക്കുമ്പോഴാണു് യഥാർത്ഥത്തിൽ മിശിഹായുടെ ആ ദർശനത്തിനൊത്തവണ്ണം നാം ജീവിക്കുന്നതു്. തദനുസരണം നാം വർത്തിക്കുമ്പോൾ ഒരിക്കലും വേർപെടാതെ തീയിലും വെള്ളത്തിലും കൂടി തന്നെ അനുഗമിക്കുന്ന ധീരയോധാക്കളിൽ നാമും എണ്ണപ്പെടും. അപ്പോൾ അധികാരികളോടുള്ള നമ്മുടെ വർത്തനം ഈശോയിൽ ഭരിക്കപ്പെടുകയും ചെയ്യും."

## II

### നമ്മുടെ സമന്മാരോടുള്ള സംസർഗ്ഗം മിശിഹായിൽ ഭരിക്കണം.

ലോകത്തെ സമുദ്ധരിക്കാനത്രെ ദൈവസുതൻ ഭൂജാതനായതു്. തൽകൃത്യനിർവ്വഹണാർത്ഥം താൻ സ്വീക

രിച്ച ഏകായുധം സ്നേഹമായിരുന്നു. അതെ ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെമേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും അനീതിക്കാരുടെമേലും തൻെറ മഴ വർഷിക്കകയും ചെയ്യുന്നു (മത്തായി V. 45.) സ്വർഗ്ഗീയ പിതാവിൻേറതുപോലുള്ള ഒരു സ്നേഹമാണു് താൻ സ്വീകരിച്ചതു്. എന്തെന്നാൽ താദൃശമായ ഒരു സ്നേഹം മാത്രമെ യഥാൎത്ഥ സമാധാനവും, സംതൃപ്തിയും പ്രദാനം ചെയ്യുകയുള്ളൂ. ഇപ്രകാരമുള്ള സ്നേഹത്തേക്കുറിച്ചാണു് വി. പൗലോസു കൊറിന്ത്യൎക്കു് എഴുതുന്നതു്: "സ്നേഹം ദീൎഘശാന്തതയും, ദയയുമുള്ളതാകുന്നു. അതു് അസൂയപ്പെടുന്നില്ല, കലഹിക്കുന്നുമില്ല. അതു് അഹങ്കരിക്കുന്നില്ല. ലജ്ജാവഹമായതു പ്രവൎത്തിക്കുന്നില്ല. തൻകാൎയ്യം അന്വേഷിക്കുന്നില്ല. കോപിക്കുന്നില്ല. തിന്മ പ്രവൎത്തിക്കുന്നില്ല." (കൊറിന്ത്യ. XIII, 45.) നമ്മുടെ

സ്നേഹരാജൻ തൻെറ അനുഗാമികളുടെ മുദ്രയായി നിശ്ചയിച്ചതും ഈ ദൃശമായ സ്നേഹംതന്നെയാണ്. "നിങ്ങൾക്ക പരസ്പരം സ്നേഹമുണ്ടെങ്കിൽ അതുകൊണ്ട നിങ്ങൾ എൻെറ ശിഷ്യരാകുന്ന എന്നു് എല്ലാവരും അറിയും" (യോഹ. XIII, 35.) മിശിഹാ ഇവിടെ ഉദ്ദേശിക്കുന്നതു നമ്മെ സ്നേഹിക്കുന്നവരോട്ട മാത്രമുള്ള സ്നേഹമല്ല. താൻ ചോദിക്കുന്നു: "നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കു് എന്തു പ്രതിഫലമാണുള്ളതു്? ചുങ്കക്കാരും ഇങ്ങിനെ ചെയ്യുന്നില്ലയോ?" (മത്തായി IV, 6.) യഥാൎത്ഥ സ്നേഹത്തിൻെറ ഉത്തമ ദൃഷ്ടാന്തമാണു തൻെറ മരണശയ്യയിൽ വച്ചു താൻ നമുക്കു കാണിച്ചു തരുന്നതു്. "പിതാവെ! തങ്ങൾ ചെയ്യുന്നതു് എന്തെന്നു് ഇവർ അറിയായ്കയാൽ ഇവരോട്ട ക്ഷമിക്കണമെ." (ലൂക്കാ XXIII, 34.) എന്നത്രെ തൻെറ

ഘാതകരെക്കുറിച്ചു പിതാവിനോടു യാചിച്ചതു്.

ഇപ്രകാരം സർവ്വ വ്യാപകമായ ഒരു സ്നേഹമാണോ നമുക്കുള്ളതു്? നമ്മുടെ സമന്മാരിൽനിന്നുമുണ്ടാകുന്ന ഉപദ്രവങ്ങളെ ക്ഷമിക്കയും, മറക്കുകയും ചെയ്യുന്നതിനു പകരം നാം പ്രതികാരത്തിനു മുതിൎന്നിട്ടില്ലയോ? അങ്ങിനെയെങ്കിൽ നമ്മുടെ പ്രവൃത്തികൾ ഈശോയാൽ ഭരിക്കപ്പെടുന്നു എന്നു പറയാമോ? തങ്ങളുടെ ഗുരുവിനു സ്വീകരണം നൽകാതിരുന്ന പട്ടണം അഗ്നിക്കിരയാക്കുവാൻ യാക്കോബും, യോഹന്നാനും തന്നോടപേക്ഷിച്ചപ്പോൾ, നിർദാക്ഷിണ്യമായ ശാസനയാൽ പ്രതികാരേച്ഛയുടെ അരൂപി തന്നിൽനിന്നുള്ളതല്ലെന്നു് അവരെ സ്പഷ്ടമായി ഗ്രഹിപ്പിച്ചു. തിന്മയോടെതിൎക്കരുതെന്നും, തിന്മയെ നന്മകൊണ്ടു ജയിക്കണമെന്നുമാണു തന്റെ പ്രബോധനം. "നിങ്ങളെ നിന്ദിക്കുന്നവരെ അനുഗ്രഹി

പ്പിൻ. നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിപ്പിൻ." എന്നുള്ള തന്റെ പാഠനങ്ങളെ പ്രായോഗികമാക്കുന്നവരാണു് സാക്ഷാൽ മിശിഹായാൽ ഭരിക്കപ്പെടുന്നവർ. തങ്ങളുടെ സ്നേഹപ്രകടനത്തിനു നിരവധി അവസരങ്ങൾ അവർ കണ്ടുപിടിക്കും. വിശുദ്ധ പൗലോസിനെപ്പോലെ സകലർക്കും സകലതും ആകുവാൻ അവർ എപ്പോഴും പരിശ്രമിക്കും. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ മററുള്ളവരുടേതിനു കീഴ്പ്പെടുത്തുന്നതിനും, അവരുടെ തെററുകളെ മാധുര്യപൂർവ്വം തിരുത്തിക്കൊടുക്കുന്നതിനും നമുക്കു ശ്രമിക്കാം. ഇതിനു വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവരും. എന്നാൽ അവ ദൈവസമക്ഷം സ്വീകാര്യവും, തനിക്കു പ്രീതിജനകവുമായിരിക്കും. താദൃശപൂജകൾ സസന്തോഷം അർപ്പിക്കുന്നവരാണു "ചതഞ്ഞ ഞാങ്ങണ ഒടിക്കുകയോ, മങ്ങിയ വിളക്കു കെടുത്തുകയൊ" (മത്തായി XII,

20.) ചെയ്യാതിരുന്ന മിശിഹായുടെ അരൂപിയാൽ നയിക്കപ്പെട്ടുന്നവർ.

## III

### നമ്മുടെ കീഴുള്ളവരോടുള്ള സംസർഗ്ഗം മിശിഹായാൽ ഭരിക്കപ്പെടണം.

സ്വശിഷ്യരുടെ പാദങ്ങൾ കഴുകിയതിനുശേഷം ന. സ്നേഹനാഥൻ അവരോട് അരുളിച്ചെയ്ത വാക്കുകൾ നാം സദാ സ്മരിക്കേണ്ടതാണ്. "ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഈ ദൃഷ്ടാന്തം നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു." (യോഹ. XIII, 15) വേറൊരവസരത്തിൽ പറയുന്നു: "മനുഷ്യപുത്രൻതന്നെയും ശുശ്രൂഷചെയ്യാനല്ലാതെ ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടുള്ളതല്ല." (മക്കോ. X, 25.) യഥാർത്ഥത്തിൽ എല്ലാ അധികാരവും, വി

ശിഷ്യ, എല്ലാ ക്രിസ്തീയാധികാരവും ഭരണീയക്കു ചെയ്യേണ്ട ശുശ്രൂഷയെയാണു പ്രഥമതഃ ദ്യോതിപ്പിക്കുന്നതു്. എല്ലാ അധികാരവും ദൈവത്തിൽനിന്നുള്ളതാണു്. അധികാരികൾക്കു തൽസ്ഥാനോചിതമായ പ്രാഭവവും, വിശേഷഗുണങ്ങളും ദൈവദത്തമായിരിക്കുന്നതു അവരുടെ ഉപയോഗത്തിനു വേണ്ടിയല്ല, പ്രത്യുത, ഭരണീയരുടെ നന്മയ്ക്കുവേണ്ടിമാത്രമാണു്. നമ്മുടെ വിധികളും, ആശയഗതികളും ദൈവേഷ്ടത്തിനു് അനുയോജ്യമാണെങ്കിൽ മാത്രമെ പരിപൂർണ്ണതാസമ്പാദനത്തിനുള്ള ഉദ്യമത്തിൽ മററുള്ളവരെ സഹായിക്കുവാൻ നാം പ്രാപ്തരാകയുള്ളു. സ്വതേ, നാം ഉപയോഗശൂന്യരായ ശുശ്രൂഷകരാണു്. തനിയെ എന്തെങ്കിലും നന്മ പ്രവർത്തിക്കുവാൻ നാം അശക്തരുമാണു്. അതിനാൽ, അധികാരികൾ പ്രഥമതഃ ദൈവിക മനുഷ്യരായിരിക്കണം. അവർ തങ്ങളു

ടെ സംസാരങ്ങളും, വ്യാപാരങ്ങളും ദൈവതിരുമനസ്സിന്ന് അനുസരണമായി നിയന്ത്രിക്കണം. ഇപ്രകാരം ചെയ്യണമെങ്കിൽ എളിമ അനുപേക്ഷണീയമാണ്. "ദൈവിക വെളിച്ചം എളിമയുടെ പ്രതിഫലനമാണ" എന്നത്രെ വി. ആഗുസ്തീനോസു പറയുന്നത്. അധികാരങ്ങൾക്കു സ്വനിശ്ചയങ്ങളെ പ്രവൃത്തിയിൽ വരുത്തുന്നതിനു ഭരണീയരുടെ സഹകരണം ആവശ്യമാണല്ലൊ. സ്നേഹം കൊണ്ടും, സൌമ്യതകൊണ്ടുമാണ് അധികാരികൾ ഭരണീയരെ സ്വാധീനത്തിലാക്കേണ്ടത്. അധികാരപ്രയോഗംകൊണ്ടു കീഴുള്ളവരെ നിയന്ത്രിക്കുവാൻ ഒരുപക്ഷെ സാധിച്ചേക്കാം. എന്നാൽ ഇതു ക്രമേണ കപടഭക്തിയും, ദാസ്യാരൂപിയും, അസംതൃപ്തിയും അവരിൽ ഉളവാക്കുമെന്നതിനു സന്ദേഹമില്ല. ഒരു നല്ല പിതാവിനേപ്പോലെ സ്നേഹത്താലാണ് അധികാരികൾ അധീനരുടെ വിശ്വാ

സവ്വം, അനുസരണയും സമ്പാദി ക്കേണ്ടതു്. എന്നാൽ സ്വയം, കീഴു ള്ളവരുടെ ആകഷ്ണ കേന്ദ്രമാക്കി ത്തീക്കുന്ന ശ്രേഷ്ഠന്മാർ വഞ്ചിക്കപ്പെ ട്ടുപോകുന്നു. വി. യോഹന്നാൻ മാം ദാനായേപ്പോലെ തങ്ങൾക്കേല്പിക്ക പ്പെട്ടുന്നവരെ, സകല ഹൃദയങ്ങളു ടേയും അധിപനും, കേന്ദ്രവുമായ ഈശോയുടെ തിരുഹൃദയത്തിലേക്കു് ആനയിക്കുകയാണു് അധികാരികളു ടെ കടമ. ഈ അന്ത്യത്തിൽനിന്നും വ്യതിചലിക്കുന്ന അധികാരികളുടെ ജീവിതം ഇശ്ചാഭംഗനിബിഡമായി രിക്കും. മനുഷ്യപ്രീതിക്കായി പരി ശ്രമിക്കുന്ന അധികൃതരുടെ സ്ഥിതി എത്ര ശോചനീയം! ദൈവഹിതം നിവ്വഹിക്കുന്നതിൽ ഉത്സുകരായ അ ധികാരികളാകട്ടെ, ദൈവതിരുമന സ്സിനനുസരണമായ തങ്ങളുടെ നി ശ്ചയങ്ങളെ പ്രായോഗികമാക്കുന്ന തിൽ ലോകം മുഴുവനും പ്രതികൂലി ച്ചാലും സ്വനിശ്ചയത്തിൽ സുസ്ഥി

രരായിരിക്കും. സൗമ്യനും വിനീതനു മായ നമ്മുടെ സ്നേഹരാജൻ ഫരി സേയരെ ശപിക്കുന്നതിനോ ദേവാ ലയം അശുദ്ധമാക്കിയവരെ അടി ച്ചോടിക്കുന്നതിനോ മടിച്ചില്ല. അ ധീനരുടെ ആത്മാക്കളുടെ കണക്ക് ദൈവസന്നിധിയിൽ ബോധിപ്പി ക്കേണ്ട ചുമതല തങ്ങൾക്കുണ്ടെന്നു ബോധ്യമുള്ള ഏതധികാരിയാണ് ഭരണീയരുടെ ന്യൂനതകളെ അവഗ ണിക്കുകയോ, വേണ്ടിവന്നാൽ അ വരെ ശിക്ഷിക്കാതിരിക്കയോ ചെ യ്യുന്നത്. എന്നാൽ ഈശോയുടെ അരൂപിയാൽ നയിക്കപ്പെടുന്ന അ ധികാരികൾ സർവ്വപ്രധാനമായി ത ങ്ങളുടെ സന്മാതൃകയാലത്രെ മററുള്ള വരെ തിരുത്തുകയും നന്മയിലേയ്ക്കു് ആകർഷിക്കയും ചെയ്യുന്നത്. ഈ ശോയുടെ ഭരണം നമ്മിൽ സ്ഥാപി തമാകുമ്പോൾ ഈ ഗുണങ്ങളെല്ലാം നമുക്കു ലഭിക്കും.

## ക്രിസ്തുരാജൻെറ തിരുനാൾ.

### സകല ഹൃദയങ്ങളുടേയും രാജാവായ മിശിഹാ.

1. മറിയത്തിൻെറ വിമല ഹൃദയം ഈശോയോടുള്ള സ്നേഹത്താൽ ജ്വലിക്കുന്നതായും, മിശിഹാ അതീവ സന്തുഷ്ടനായി ഒരു സിംഹാസനത്തിലെന്നപോലെ അതിൽ ഇരിക്കുന്നതായും രൂപീകരിക്കുക.

2. ഈശോയെമാത്രം അറിയുന്നതിനും സ്നേഹിക്കുന്നതിനുമുള്ള കൃപാവരം അഭ്യർത്ഥിക്കുക.

### I

### മിശിഹാ നമ്മുടെ ഹൃദയരാജാവാകുന്നു.

“എന്നെ സ്നേഹിക്കുന്നവൻ എൻെറ പ്രമാണങ്ങളെ അനുസരിക്കുന്നു.” എൻെറ പിതാവു് അവനെ

സ്നേഹിക്കുകയും ഞങ്ങൾ അവൻെറ പക്കൽ വന്ന് അവനിൽ വസിക്കയും ചെയ്യും.” (യോ. XIV. 28.) ഈ വാക്കുകൾ മിശിഹായുടെ സ്നേഹസാമ്രാജ്യത്തിൻെറ സ്വഭാവം നമ്മെ ഗ്രഹിപ്പിക്കുന്നു. ഈശോ നമ്മെ സീമാതീതമായി സ്നേഹിക്കുന്നു. മനുഷ്യമക്കളോടുകൂടെ വസിച്ച് അവരുടെ ഹൃദയങ്ങളിൽ വാഴുന്നതിൽ സർവ്വാനന്ദവും താൻ കണ്ടെത്തുന്നു. അതെ നമ്മുടെ ഹൃദയാധിപൻ താൻതന്നെയാണ്. ലൌകിക ശക്തികൾക്കോ തിരുസ്സഭയ്ക്കുതന്നെയുമോ മനുഷ്യഹൃദയത്തിന്മേൽ ഗണ്യമായ അധികാരം നൽകപ്പെട്ടിട്ടില്ല. അതിൻെറ ചലനങ്ങളും അവസ്ഥാവിശേഷങ്ങളും അവയെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതു്. അതിന്മേൽ പൂർണ്ണകർത്തവ്യമുള്ളതായി ഒരാൾ മാത്രമേയുള്ളു. അതു സ്നേഹസ്വരൂപനായ ദൈവമാണ്. അതിനാൽ നമ്മുടെ ഹൃദയത്തെ പൂർണ്ണമായി തനി

ക്കു കീഴ്പെടുത്തി അതിൻെറ നിസ്സാര ചലനങ്ങൾപോലും തൻെറ ഇഷ്ടാനുസരണം നിയന്ത്രിക്കുമ്പോഴാണ് കർത്താവു അതിനെ പ്രസാദവരത്താൽ സമ്പൂർണ്ണമാക്കി, തൻെറ രാജകീയ സിംഹാസനം അതിൽ സ്ഥാപിച്ച് വിജയിയായി വാഴുന്നതു്. സുവർണ്ണപേടകങ്ങളിൽ വസിക്കുന്നതിനല്ല, മാംസളമായ—വികാരാധീനമായ—നമ്മുടെ ഹൃദയങ്ങളിൽ പള്ളികൊള്ളുന്നതിനാണ് താനാഗ്രഹിക്കുന്നതു്. "നമ്മുടെ ഹൃദയത്തോടു സ്നേഹസല്ലാപം ചെയ്യുന്നതിനു് താനാഗ്രഹിക്കുന്നു. തനിക്കു് അതു ആനന്ദവും ആശ്വാസവും പ്രദാനം ചെയ്യുന്നു. അതിനാൽ താൻ മാത്രം നമ്മുടെ ഹൃദയത്തിൻെറ നാഥനും രാജാവുമായിരിക്കട്ടെ. നമ്മുടെ ഹൃദയത്തിൻെറ ഓരോ സ്പന്ദനവും തന്നിലും തനിക്കുവേണ്ടിമാത്രവും ആയിരിക്കട്ടെ.

മിശിഹാ എന്നോടു കാണിക്കുന്ന

നിസ്സീമസ്നേഹത്തെ ഞാൻ യഥാത്ഥമായി മനസ്സിലാക്കുന്നുണ്ടോ? തന്റെ ശകാരത്തിനു ഞാൻ അഹ്നാണോ? ദീഘദശിവഴിയായി താൻ പ്രലപിക്കുന്നു. "ഒ! ആകാശങ്ങളെ കേൾപ്പിൻ! ഒ! ഭൂമിയെ ശ്രദ്ധിക്കുക, ഞാൻ മക്കളെ വളത്തി അവരെ ഉയത്തി. എന്നാൽ അവർ എന്നെ ഉപേക്ഷിച്ചുകളഞ്ഞു. കാള അതിന്റെ യജമാനനേയും, കഴുത അതിന്റെ നാഥന്റെ പുൽത്തൊട്ടിയേയും അറിയുന്നു. എന്നാൽ ഇസ്രായേൽജനം അന്ധരായിപ്പോയി." ഒരിക്കൽ ന: കത്താവു മെത്തിൽദാ പുണ്യവതിയോടു ഇപ്രകാരം അരുളിച്ചെയ്തു: "മനുഷ്യഹൃദയത്തെപ്പോലെ എനിക്കു പ്രീതിജനകമായി മറെറാന്നുമില്ല. എന്നാൽ എത്ര ദുർല്ലഭമായിട്ടാണു അതെനിക്കു ലഭിക്കുന്നതു്!" മിശിഹായുടെ പ്രസ്തുത വാക്കുകൾ നമ്മെ സ്പശിക്കുന്നില്ലെങ്കിൽ നിശ്ചയമായും നമ്മുടെ ഹൃ

ദയം നിർജ്ജീവമാണ്.

II

സർവ്വലോകങ്ങളേയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനേക്കാൾ മനുഷ്യഹൃദയത്തെ ഭരിക്കുന്നതിനാണ് മിശിഹായ്ക്കു കൂടുതൽ ഔത്സുക്യവും അഭിനിവേശവുമുള്ളത്. ഹൃദയം മാത്രമേ വിലയുള്ളതായി താൻ പരിഗണിക്കുന്നുള്ളു. അതു ലഭിച്ചാൽ തനിക്കു തൃപ്തിയായി. അതുപോലെതന്നെ താൻ നമ്മിൽ ഭരണം നടത്തുമ്പോൾ മാത്രമേ നമ്മുടെ ഹൃദയതൃഷ്ണ ശമിക്കയുള്ളൂ. അപ്പോഴാണ് നാം സാക്ഷാൽ സൌഭാഗ്യം കൈവരിക്കുന്നതും. രാജദീഘദർശിയുടെ വാക്കുകൾ സ്മരണീയങ്ങളാണ്. "കർത്താവെന്നെ ഭരിക്കുന്നു; എനിക്കു യാതൊരു പോരായ്കയുമില്ല." ദൈവം മാത്രം നമ്മിൽ വസിപ്പാനും, തനിക്കായിമാത്രം ജീവിപ്പാനും, അതിൽ ആനന്ദം കണ്ടെത്തുവാനും

നമ്മെ പ്രാപ്തരാക്കുന്ന ആന്തരിക ജീവിതം എത്ര അഭികാമ്യം! ദൈവം ഭരിക്കയും താൻമാത്രം വിജയിയായി വാഴുകയും ചെയ്യുന്ന ആ ഹൃദയം ഭാഗ്യപ്പെട്ടതുതന്നെ. ആ ഹൃദയം ലോകപക്ഷങ്ങളിൽനിന്നു വിമുക്തമായി, പാവനമായ ഒരു അന്തരീക്ഷത്തിൽ, മിശിഹായുടെ തണലിൽ സ്വച്ഛന്ദം വിഹരിക്കുന്നു. അതിൻെറ ജീവിതം ദൈവത്തിൻെറ ഹൃദയത്തിലാണ്. അതു് സ്നേഹത്തിൻേറയും കലുഷത കലരാത്ത സ്വാതന്ത്ര്യത്തിൻേറയും ഒരു ജീവിതമാണ്. അതു് ലോകത്തിനു നൽകാൻ കഴിയാത്ത ആനന്ദവും സമാധാനവും മഹത്വവും പ്രദാനംചെയ്യുന്നു.

## III

മിശിഹായുടെ ഒരു വിശ്വസ്ത പ്രജയുടെ ഏക കടമ "സ്നേഹിക്കുക"

എന്നതു മാത്രമാണു. എന്തെന്നാൽ
താൻ നമ്മുടെ ഹൃദയത്തെ അഥവാ
നമ്മുടെ സ്നേഹത്തെമാത്രം കാംക്ഷി
ക്കുന്നു. "എന്റെ മകനെ, നിന്റെ
ഹൃദയം എനിക്കു തരിക" എന്നു
താൻ നമ്മോടഭ്യർത്ഥിക്കുന്നു. നാം
ദൈവത്തെ നമ്മുടെ മുഴുഹൃദയത്തോ
ടും, മുഴുവാത്മാവോടും മുഴുശക്തി
യോടുംകൂടെ സ്നേഹിക്കണമെന്നാണു
തന്റെ അലംഘനീയമായ ആജ്ഞ.
വി: ആഗുസ്തീനോസ് ഇതിൽ ആ
ശ്ചര്യപരതന്ത്രനായി ചോദിക്കുന്നു.
"കർത്താവെ, നിന്നെ സ്നേഹിക്കുന്നതി
നു മനുഷ്യനോട് കല്പിക്കാൻ അവ
നെന്താകുന്നു?" പുണ്യശ്ലോകയായ
കൊച്ചുത്രേസ്യായുടെ വാക്കുകൾ ശ്രു
വിച്ചാലും. "ഇഹത്തിൽ നമുക്കു് ഒരു
കാര്യം മാത്രമേ നിർവ്വഹിക്കാനുള്ളു.
അതു ഈശോയെ സ്നേഹിക്കുകയും
തന്നെ സ്നേഹിപ്പാൻ ആത്മാക്കളെ
നേടുകയുമാണ്." വീണ്ടും വിശുദ്ധ
ആഗുസ്തീനോസ് പ്രസ്താവിക്കുന്നു.

"സ്നേഹിക്കുക; അനന്തരം ഇഷ്ടാനുസരണം പ്രവർത്തിച്ചുകൊള്ളുക" സ്നേഹമാണു സാരവത്തായ ഏക കാര്യം. അതിനാൽ മിശിഹായോടുള്ള സ്നേഹം നമ്മെ നിർബന്ധിക്കട്ടെ. അപരിമിതമായ തൻെറ സ്നേഹത്തെ സ്മരിക്കുമ്പോൾ പൂർണ്ണഹൃദയത്തോടെ തന്നെ സ്നേഹിക്കാതിരിപ്പാൻ നമുക്കു കഴിയുന്നതെങ്ങിനെ? വർണ്ണനാതീതമായി, അല്ല ഊഹാതീതമായി താൻ നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹത്തിൻെറ രാമണീയത ആജീവനാന്തം പ്രകീർത്തിച്ചുകൊള്ളുക; എന്നാലും അതിൻെറ മനോജ്ഞതകൾ, കരളുകുളിർപ്പിക്കുന്ന അതിൻെറ ആകർഷണീയതകൾ നോക്കെത്താത്ത സമുദ്രംപോലെ എങ്ങും നീണ്ടുകിടക്കുന്നതായി അനുഭവവേദ്യമാകും. മിശിഹാ അനന്തമായി നമ്മെ സ്നേഹിച്ചു എന്നും എന്തെല്ലാം നമുക്കുവേണ്ടി സഹിച്ചു എന്നും നിത്യതമുഴുവനും ആലോചിച്ചാലും ആ സ്നേ

ഹസിന്ധുവിൻെറ അഗാധതയെപ്പ
ററി ഒരു ഏകദേശജ്ഞാനംപോലും
നമുക്കു ലഭിക്കയില്ല. സ്നേഹം പ്രതി
സ്നേഹത്തെ അവശ്യം ആവശ്യപ്പെ
ടുന്നെങ്കിൽ നിസ്സീമമായി നമ്മെ
സ്നേഹിച്ച ആ സ്നേഹമൂത്തിയെ സ്നേ
ഹിക്കേണ്ടതു് നമ്മുടെ ഏററം പാവ
നവും വിശിഷ്ടവും സൗഭാഗ്യദായക
വുമായ കടമയല്ലയോ? താൻ നമ്മെ
സ്നേഹിച്ചവിധം നാം തന്നെ സ്നേഹി
ക്കണമെന്നു് കത്താവു അഭിലഷിക്കു
ന്നു. അതെ നിവ്യാജമായി, നിരുപ
മമായി, നിരന്തരം തന്നെ സ്നേഹി
ക്കണമെന്നു താൻ അതീവ അഭി
വാഞ്ഛിക്കുന്നു. അതിനാൽ നമുക്കു്
നമ്മുടെ സ്നേഹരാജനെ സ്നേഹിക്കാം.
ആ പരിശുദ്ധ സ്നേഹത്തിൽ അനു
ക്ഷണം വളരാം; പ്രതിബന്ധങ്ങൾ
തൃണവൽഗണിച്ചു് വീരോചിതമാ
യവിധം നമ്മുടെ സ്നേഹം പ്രത്യക്ഷ
പ്പെടുത്താം. തൻെറ സ്നേഹരാജ്യം
വിസ്തീണ്ണമാക്കുന്നതിനും പ്രയത്നി

ക്കാം. എന്നാൽ ഈശോയോടുള്ള ഈദൃശസ്നേഹം നമ്മിൽ വദ്ധിക്കുന്നതു്, നമ്മുടെ സ്വാൎത്ഥതല്പരത നമ്മിൽ കുറയുന്നതിൻെറ തോതനുസരിച്ചാകുന്നു. ആകയാൽ സ്വസ്നേഹത്തെ നമ്മിൽനിന്നും നിമ്മാജ്ജനം ചെയ്യാനായിരിക്കട്ടെ നമ്മുടെ പരിശ്രമം. നാമല്ല ജീവിക്കുന്നതു്, പ്രത്യുത ക്രിസ്തു നമ്മിൽ ജീവിക്കുന്നുവെന്നു പ്രകീൎത്തിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം നാം ഇല്ലായ്മയാകണം. പൗലോസിൻെറ ഹൃദയം ക്രിസ്തുവിൻേറതാണു്. എന്നു പറയപ്പെട്ടതു് നമ്മെക്കുറിച്ചും അൎത്ഥവത്താകണം. ഇതു് സാധിക്കണമെങ്കിൽ നമ്മുടെ ഹൃദയാഭിലാഷങ്ങളെ നിയന്ത്രിച്ചു് മിശിഹായെമാത്രം അന്വേഷിച്ചു് തനിക്കായിമാത്രം നാം ജീവിക്കണം. തന്നോടുള്ള സ്നേഹത്താലും തൻെറ മഹത്വത്തിലുള്ള ശുഷ്കാന്തിയാലും നാം ജ്വലിക്കണം.

ആകയാൽ നമ്മുടെ കൎത്താവിനെ

നമുക്ക് സ്നേഹിക്കാം. നാം ജീവിക്കുന്നെങ്കിൽ മിശിഹായ്ക്കുവേണ്ടിയായിരിക്കട്ടെ. മരിക്കുന്നെങ്കിൽ മിശിഹായിലായിരിക്കട്ടെ. ഓ! ഈശോയെ നീ എന്നിൽ വാണാലും. മററുള്ളവർ ആരെയെങ്കിലും സ്നേഹിച്ചുകൊള്ളട്ടെ. നീമാത്രം എനിക്കു മതി. നീ എൻെറ രാജാവാകുന്നു. എൻെറ നാഥനും എൻെറ സർവ്വസ്വവും ആകുന്നു. മനുഷ്യർ അട്ടഹസിക്കുന്നു. ഇവൻ ഞങ്ങളുടേമേൽ ഭരിക്കുവാൻ ഞങ്ങൾക്ക് മനസ്സില്ല. എന്നാൽ എൻെറ സ്നേഹനാഥാ! എൻെറ നിരന്തരപ്രാർത്ഥന "നിൻെറ രാജ്യം വരട്ടെ; നിൻെറ രാജ്യത്തിൽനിന്നും സർവ്വതിന്മകളും ഉന്മൂലനം ചെയ്യാലും." എന്നാണ്.

Printed and Published
for the proprietor, by P. I. Joseph.
at the Little Flower Press,
Thevara, 1941.

K04
C47

K04
C47